ദി ഡിഫെൻഡർ

Vol. No. 9 Issue No. 4 RNI Reg. No. 68089 / 97 Published From Perumbavoor 2006 FEBRUARY 16

# ചവർ ചാനൽ കണ്ടവരുണ്ടോ?

ഏറെ നാളത്തെ കാത്തിരിപ്പിനും ഒട്ടേറെ അഭ്യൂഹങ്ങൾക്കും വിരാമം കുറിച്ചുകൊണ്ട് കെ.സി.ജോണിന്റെ ചാനൽ ഫെബ്രുവരി 6-ന് സംപ്രേക്ഷണം തുടങ്ങി. അത്യപൂർവ്വ ഭാഗ്യമുള്ള ചിലരൊക്കെ ഏതാനും മണിക്കൂർ സമയം ചാനൽ കണ്ടതായി സ്ഥിരീകരിക്കാത്ത റിപ്പോർട്ടുകളുണ്ട്. എന്നാൽ പിറ്റേന്നു മുതൽ ഈ ലക്കം പ്രസ്സിൽ കൊടുക്കുന്ന 15-ാം തീയതി വരെ ആരും ചാനൽ കണ്ടിട്ടില്ല. കെ.സി.ജോൺ ഉൾപ്പെടെ ആരും വിശദീകരണവുമായി രംഗത്ത് എത്തിയിട്ടുമില്ല.

കേബിൾ കമ്പനിയുമായി എഗ്രിമെന്റ് ഒപ്പിടാത്തതാണ് കാരണം എന്ന് കേൾക്കുന്നു. ഡൽഹിയിൽ നിന്ന് സംപ്രേക്ഷണം ചെയ്താൽ ലോകമെമ്പാടുമുള്ള ടി.വികളിൽ പ്രോഗ്രാം താനേ വന്നു കയറിക്കൊള്ളും എന്നാണ് ഈ വിവരദോഷികൾ ധരിച്ചു വെച്ചിരിക്കുന്നതെന്നു തോന്നുന്നു. അല്ലെങ്കിൽ എന്തുകൊണ്ട് സംപ്രേക്ഷണം ആരംഭിക്കുന്നതിനു മുൻപായി കേബിൾ



കമ്പനിയുമായി ധാരണയിൽ എത്തിയില്ല?

ചവർ ചാനലിന്റെ തലപ്പത്തുള്ള ആർക്കും ചാനൽ എങ്ങനെയാണ് നടത്തേണ്ടത് എന്ന് അറിഞ്ഞുകൂടാ. വല്ലവരും ഉണ്ടാക്കുന്ന സ്റ്റേജിൽ കയറിനിന്ന് വിവരക്കേടു വിളിച്ചു പറഞ്ഞ് ജനത്തെ ഇളക്കാനല്ലാതെ ഒന്നും ഇവർക്കറിഞ്ഞുകൂടാ. ഈ അറിവുകൊണ്ട് ചാനൽ നടത്താൻ പറ്റില്ല എന്ന് അറിഞ്ഞാൽ നന്ന്.

വല്ലവിധേനയും ഇവർ ഈ പ്രശ്നം പരിഹരിക്കും. ഏറെ താമസിയാതെ ചാനൽ കാണാൻ കഴിഞ്ഞേക്കും. പക്ഷേ, അവിടം കൊണ്ട് പ്രശ്നം തീരുകയില്ല. ചാനൽ തുടങ്ങാൻ വേണ്ടതിലധികം പണം അത് നടത്തിക്കൊണ്ടു പോകാൻ വേണം. തുടങ്ങാൻ പണമില്ലാതെ വിഷമിച്ചവർ എങ്ങനെയാണപ്പാ ചാനൽ നടത്തിക്കൊണ്ടു പോകുന്നത്?

തിരുവല്ലയിലെ ഉദ്ഘാടനം കഴിഞ്ഞ് പാട്ടുകാർക്കും മറ്റും കൊടുക്കാൻ ആവശ്യമായ പണം (1,35,000 രൂപ) ഉണ്ടാക്കാൻ രാത്രി മൂന്നുമണിവരെ ബുദ്ധിമുട്ടിയ കാര്യം ഏറെയാരും അറിഞ്ഞിട്ടില്ല. കേബിൾ കമ്പനിയുമായി എഗ്രിമെന്റ് ഉണ്ടാക്കാൻ കാലതാമസം ഉണ്ടായതും പണപ്രശ്നം മൂലമാണെന്ന് തീർച്ച. ഇക്കണക്കിനു പോയാൽ ചാനലിന്റെ ഭാവി എന്താകുമെന്ന് ഇപ്പോൾത്തന്നെ പറയാൻ കഴിയും.

# സാം കുഴിക്കാല മറുപടി പറയണം

കഴിഞ്ഞ ദിവസം പുറത്തിറങ്ങിയ കേരള ശബ്ദത്തിൽ സാം കുഴിക്കാലയേക്കുറിച്ച് ഗുരുതരമായ ആരോപണങ്ങൾ ഉൾക്കൊള്ളുന്ന ഒരു ലേഖനം പ്രസിദ്ധീകരിച്ചിരുന്നു. കേരള ശബ്ദത്തിലോ മറ്റേതെങ്കിലും പത്രത്തിലോ ലേഖനം വന്നതുകൊണ്ടു മാത്രം ആരും കുറ്റവാളി ആകുന്നില്ല. പണവും സ്വാധീനവും ഉള്ളവർക്ക് ഏതു നിരപരാധിയേയും കേസ്സിൽ കുടുക്കാനും പത്രത്തിൽ വാർത്ത വരുത്താനും കഴിയും.

വസ്തുത ഇതാണെങ്കിലും സാം കുഴിക്കാലയേക്കുറിച്ച് കേൾക്കുന്നത് ഒരളവോളമെങ്കിലും ജനം വിശ്വസിച്ചു പോയാൽ അവരെ കുറ്റം പറഞ്ഞിട്ട് കാര്യമില്ല. കാരണം, ഒറ്റ നോട്ടത്തിൽ ശരിയെന്ന് തോന്നുന്ന ആരോപണങ്ങളാണ് കേൾക്കുന്നത്. അതുകൊണ്ട് സാം കുഴിക്കാല ഈ ആരോപണങ്ങളേക്കുറിച്ച് പ്രതികരിക്കണം.

ഒരു സാധാരണ പെന്തക്കോസ്ത് വിശ്വാസി മാത്രമാണ് സാം കുഴിക്കാല എങ്കിൽ ഈ പ്രശ്നം അത്ര ഗൗരവമുള്ളതാകുമായിരുന്നില്ല. പക്ഷേ, ഈ വിഷയം അതീവ ഗൗരവമുള്ളതണ്. നിരവധി വർഷങ്ങളായി കുമ്പനാട് കൺവെൻഷനിൽ ഗായകസംഘത്തെ നയിക്കുന്നത് സാം കുഴിക്കാല ആണ്. (ടി.എസ്.ഏബ്രഹാമുമായുള്ള എന്തോ സൗന്ദര്യപ്പിണക്കം മൂലം ഇപ്പോൾ സാം പാടുന്നില്ല). അതുപോലെ, ശതാബ്ദി സമ്മേളനത്തിന്റെ മുൻപന്തിയിലും സാം കുഴിക്കാല ഉണ്ടായിരുന്നു. ഈ കാരണങ്ങളാൽ പെന്തക്കോസ്തിന്റെ പ്രതീകമായാണ് പൊതുജനം സാമിനെ കാണുന്നത്. സാം കുഴിക്കാല കള്ളനാണെന്നു വന്നാൽ അത് പെന്തക്കോസ്ത് സഭകളെ ഗുരുതരമായി ബാധിക്കും.

വിഷയത്തിന്റെ ഗൗരവം സാം കുഴിക്കാല മനസ്സിലാക്കണം. കേരളശബ്ദത്തിൽ പറയുന്ന കാര്യങ്ങളിൽ എത്രത്തോളം സത്യമുണ്ടെന്ന് വെളിപ്പെടുത്തണം. സാം കുഴിക്കാല കോടികളുടെ വെട്ടിപ്പ് നടത്തിയെന്നാണ് ആരോപണം. അത് അത്ര ചെറിയ കാര്യമല്ല. സാം കുഴിക്കാല നിലപാട് വ്യക്തമാക്കണം. പെന്തക്കോസ്ത് വിശ്വാസികൾക്കുണ്ടായിരിക്കുന്ന മാനക്കേടിന് എത്രയും വേഗം പരിഹാരം ഉണ്ടാകണം.




# ക്രിസ്തീയ ചാനലോ പെന്തക്കോസ്ത് ചാനലോ?

കെ.സി.ജോണിന്റെ ചവർ ചാനൽ ക്രിസ്തീയ ചാനലാണോ അതോ പെന്തക്കോസ്ത് ചാനലാണോ? എന്താ ഇപ്പോൾ ഇങ്ങനെയൊരു സംശയം ഉണ്ടാകാൻ കാരണം എന്ന് ചോദിച്ചേക്കാം. അതുകൊണ്ട് ആ ചോദ്യത്തിനുള്ള ഉത്തരം ആദ്യമായി പറയാം.

ഫെബ്രുവരി 4-ാം തീയതി ചാനലിന്റെ ഉദ്ഘാടനം നടന്നു. രാഷ്ട്രീയക്കാരും സമുദായങ്ങളിലെ തിരുമേനിമാരും ഇല്ലാതെ ഇക്കാലത്ത് പെന്തക്കോസ്തുകാരുടെ പരിപാടികളൊന്നും നടക്കാറില്ലല്ലോ. ചാനലിന്റെ ഉദ്ഘാടനത്തിനും തിരുമേനിമാരെ വിളിച്ചു. മാർത്തോമ്മായിലെ വല്ല്യ തിരുമേനിയും കത്തോലിക്കരുടെ തിരുമേനിയും ഒക്കെ ക്ഷണിക്കപ്പെട്ട അതിഥികളായെത്തി. ദൈവമക്കൾ എന്ന നിലയ്ക്കാണോ അതോ സമുദായ നേതാക്കൻമാർ എന്ന നിലയ്ക്കാണോ ഇവരെ ക്ഷണിച്ചു വരുത്തിയതെന്ന് അറിഞ്ഞുകൂടാ.

തിരുമേനിമാരെ സന്തോഷിപ്പിക്കാനായി കെ.സി.ജോൺ ചാനലിനെ ക്രിസ്തീയ ചാനൽ എന്ന നിലയ്ക്കാണ് പരിചയപ്പെടുത്തിയത്. തിരുമേനിമാർക്ക് അത് ഇഷ്ടപ്പെടുകയും ചെയ്തു. കത്തോലിക്കാ സഭയും മാർത്തോമ്മാ സഭയും ഒക്കെ ക്രിസ്തീയമായാണല്ലോ പരിഗണിക്കപ്പെടുന്നത്. പക്ഷേ ടി.എസ്.ഏബ്രഹാം ചാനലിനെ പെന്തക്കോസ്ത് ചാനലെന്ന നിലയ്ക്കാണ് അവതരിപ്പിച്ചത്. അതോടെ തിരുമേനിമാരുടേയും കെ.സി.ജോണിന്റേയും മുഖം വാടി. സത്യം സത്യമായി പറഞ്ഞാൽ ടി.എസ്. ഏബ്രഹാം പൊട്ടിച്ച വെടി കുറിക്കു കൊണ്ടു. ഡിഫെൻഡറിന്റെ അഭിനന്ദനങ്ങൾ.

# സി.ഡി. വിദേശത്തേക്കും അയയ്ക്കും

വീട്ടിൽ ഒരു ബൈബിൾ സ്ക്കൂൾ എന്ന പേരിൽ റ്റി.എസ്. ബാലൻ തയ്യാറാക്കിവരുന്ന 10 സി.ഡി.കളിൽ ആറാമത്തേതിന്റെ റിക്കാഡിംഗ് പൂർത്തിയായി. എഡിറ്റിംഗ് നടക്കുന്നു. ബൈബിൾ വ്യാഖ്യാനിക്കേണ്ടതെങ്ങനെ എന്ന വിഷയമാണ് ഈ സി.ഡിയിൽ വിശദീകരിക്കുന്നത്. പ്രധാന ലോക മതങ്ങളേക്കുറിച്ചുള്ള പഠനങ്ങളാണ് അഞ്ചാമത്തെ സി.ഡിയിൽ ഉള്ളത്. ആറാമത്തെ സി.ഡിയോടൊപ്പം ഈ സി.ഡി. അയയ്ക്കും.

അടിസ്ഥാന വേദോപദേശങ്ങളാണ് ആദ്യ സി.ഡിയിൽ ഉള്ളത്. കൾട്ടുകളേക്കുറിച്ചുള്ള പഠനങ്ങളാണ് രണ്ടാമത്തെ സി.ഡിയുടെ ഉള്ളടക്കം. പരിശുദ്ധാത്മ ശാസ്ത്രം, ദുരാത്മ ശാസ്ത്രം തുടങ്ങിയവയുമായി ബന്ധപ്പെട്ട പ്രധാന വിഷയങ്ങളെല്ലാം മൂന്നാമത്തെ സി.ഡിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ക്രൈസ്തവ സഭകളിൽ നിലനിൽക്കുന്ന പ്രധാന ദുരുപദേശങ്ങളേക്കുറിച്ചാണ് നാലാമത്തെ സി.ഡിയിൽ പഠിക്കുന്നത്.

ഏതെങ്കിലും ഒരു സി.ഡി. ആവശ്യമുള്ളവർ 100 രൂപ മണിയോഡർ അയച്ചാൽ മതിയാകും. ആദ്യത്തെ ആറു സി.ഡികൾക്ക് 600 രൂപ അയയ്ക്കുക. പത്തു സി.ഡികൾ അടങ്ങിയ ഒരു സെറ്റിന് 1000 രൂപയാണ് വില. ഇപ്പോൾ പണം അടയ്ക്കുന്നവർ 900 രൂപ നൽകിയാൽ മതിയാകും. മണിയോഡർ കൂപ്പണിൽ പൂർണ്ണമായ വിലാസവും ഫോൺ നമ്പറും ഉണ്ടായിരിക്കണം. സി.ഡി. കുരിയർ സർവ്വീസ് വഴിയാണ് അയയ്ക്കുന്നത്. അതുകൊണ്ട് ഏറ്റവും അടുത്തുള്ള കുരിയർ സർവ്വീസിന്റെ പേരും അറിയിക്കുക.

## വിദേശത്തുള്ളവരുടെ ശ്രദ്ധയ്ക്ക്

സി.ഡി. വിദേശത്തേക്ക് അയയ്ക്കുന്നത് വലിയ ചെലവുള്ള കാര്യമായതുകൊണ്ട് ഇതുവരെ ഈ സി.ഡികൾ വിദേശത്തേക്ക് അയച്ചിരുന്നില്ല. എന്നാൽ വിദേശത്തുള്ള സഹോദരങ്ങളുടെ നിരന്തരമായ അഭ്യർത്ഥന മാനിച്ച് സി.ഡികൾ ഇനി സൗദി ഒഴികെയുള്ള വിദേശ രാജ്യങ്ങളിലേക്ക് അയയ്ക്കുവാൻ തീരുമാനിച്ചിരിക്കയാണ്.

വില: (പോസ്റ്റേജ് അടക്കം)

ആദ്യത്തെ 5 സി.ഡി. (50 ക്ലാസ്സ്, 60 മണിക്കൂർ)-ഗൾഫ്: Rs.1500
അമേരിക്കയും മറ്റു രാജ്യങ്ങളും: U.S. $ 50 (30 പൗണ്ട്)

10 സി.ഡിയുടെ ഒരു സെറ്റ് (100 ക്ലാസ്സ്, 120 മണിക്കൂർ)
- ഗൾഫ്: 3000 രൂപ.
അമേരിക്കയും മറ്റു രാജ്യങ്ങളും: U.S. $ 100 (60 പൗണ്ട്)
(10 സി.ഡി. വാങ്ങുന്നവർക്ക് അഞ്ച് സി.ഡികൾ ഉടൻ അയയ്ക്കും. ബാക്കിയുള്ള അഞ്ചെണ്ണം രണ്ടു മാസം കഴിഞ്ഞ് അയയ്ക്കും)

കൂടുതൽ വിവരങ്ങൾക്ക്: ഫോൺ - 94474 14608

വിലാസം:

**റ്റി.എസ്.ബാലൻ,**
**ആനന്ദ് ഭവൻ, കെ.എസ്.ആർ.റ്റി.സിക്ക് സമീപം,**
**പെരുമ്പാവൂർ പി.ഒ., എറണാകുളം. പിൻ. 683 542**

ദി ഡിഫെൻഡർ
Vol. No.9 Issue No. 4 2006 February 16

# അവസരവാദം ഒഴിവാക്കണം

ഡി.ഐ.സി. പ്രശ്നത്തിൽ പി.ബിയുടെ തീരുമാനം എന്താകും എന്ന് ഏവരും ആകാംഷയോടെ കാത്തിരുന്നു എന്നത് ഒരു വസ്തുതയാണ്. ഒന്നും തീർത്തു പറഞ്ഞിട്ടില്ലെങ്കിലും തീരുമാനം ഡി.ഐ.സിക്ക് എതിരാണെന്ന് വ്യക്തമായിക്കഴിഞ്ഞു. ഈയാഴ്ച അന്തിമ തീരുമാനം ഉണ്ടാകും.

രാഷ്ട്രീയത്തിൽ പല മലക്കംമറിച്ചിലുകളും ഉണ്ടാകാറുണ്ട്. ആദർശം ഇരുമ്പുലക്കയല്ല എന്ന് എല്ലാ രാഷ്ട്രീയ പാർട്ടികളും തെളിയിച്ചിട്ടുമുണ്ട്. എന്നാലും കരുണാകരനേപ്പോലൊരാളെ സ്വീകരിക്കാൻ സി.പി.എം. തയ്യാറാകുമെന്ന് സ്വപ്നത്തിൽപ്പോലും ആരും കരുതിയിരുന്നില്ല എന്നു തീർച്ച. പക്ഷേ അതുണ്ടായി. നീക്കുപോക്കെന്ന ഓമനപ്പേരിട്ട് ഈ അവിശുദ്ധ ബന്ധത്തെ വെള്ളപൂശുകയും ചെയ്തു. ഈ ഹീനമായ അവസരവാദം അസംബ്ലി തെരഞ്ഞെടുപ്പിലും ആവർത്തിക്കുമോ എന്നാണ് ജനം ആശങ്കയോടെ നോക്കിയിരുന്നത്. അതുണ്ടാകില്ല എന്ന് ആശ്വസിക്കാം.

ആദർശത്തിന്റെയും നയത്തിന്റെയും മറ്റും പേരിലാണ് കരുണാകരനും കൂട്ടരും കോൺഗ്രസ്സ് വിട്ടത് എന്ന് അവർ നിരന്തരം പറയുന്നുണ്ടെങ്കിലും സത്യം അതല്ല എന്ന് ഏവർക്കും അറിയാം. ഡി.ഐ.സിയുടെ ജൻമത്തിനു വഴിവെച്ചത് അധികാരമോഹം ഒന്നു മാത്രമാണ്. കോൺഗ്രസ്സിനെ കുടുംബസ്വത്താക്കാൻ ചിലർ നടത്തിയ ശ്രമങ്ങളുടെ സ്വാഭാവിക പരിണാമമായിരുന്നു ആ വേർപിരിയൽ. അധികാരം പിടിച്ചടക്കാൻ ഇടതുപക്ഷ പ്രേമം അനിവാര്യമാണെന്നു കണ്ടപ്പോൾ അതും സ്വീകരിച്ചു. അതിൽ അധികമായൊന്നും ഇല്ലതന്നെ.

അടുത്ത അസംബ്ലി തെരഞ്ഞെടുപ്പിൽ യു.ഡി.എഫ്. തറപറ്റുമെന്നും എൽ.ഡി.എഫ്. അധികാരത്തിൽ എത്തുമെന്നും വ്യക്തമാണ്. കേരളത്തിലെ ജനവികാരം എന്നും ഭരണകക്ഷിക്ക് എതിരായിരുന്നു. ഇപ്പോളും അങ്ങനെതന്നെ. കരുണാകരനും മകനും മകളും ഉൾപ്പെടുന്ന കോൺഗ്രസ്സിനെയാണ് കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ ഇടതുപക്ഷം അടിയറവു പറയിച്ചത്. കരുണാകരന്റെ സഹായം കൂടാതെ തന്നെ ഈ വിജയം അസംബ്ലി തെരഞ്ഞെടുപ്പിലും ആവർത്തിക്കാൻ ഇടതുപക്ഷത്തിന് കഴിയും.

ഡി.ഐ.സിയുടെ സഹായമില്ലാതെ ആർക്കും കേരളം ഭരിക്കാനാവില്ല എന്നാണ് കരുണാകരൻ പറയുന്നത്. എന്നാൽ രണ്ടു മുന്നണികളിൽ ഒന്ന് സഹായിച്ചില്ലെങ്കിൽ ഡി.ഐ.സി. എന്നൊരു രാഷ്ട്രീയ പാർട്ടി അസംബ്ലി തെരഞ്ഞെടുപ്പിനു ശേഷം ഉണ്ടാകില്ല എന്നതാണ് വസ്തുത. അതുകൊണ്ട് കരുണാകരന്റെ അവകാശവാദങ്ങൾ അർഹിക്കുന്ന അവജ്ഞയോടെ തള്ളിക്കളയാനും നീക്കുപോക്ക് ഉൾപ്പെടെയുള്ള എല്ലാവിധ സഖ്യങ്ങളും ഒഴിവാക്കാനും കഴിഞ്ഞാൽ ഇടതുപക്ഷത്തിന് ഇത്തവണ അനായാസ വിജയം ഉറപ്പാക്കാം.

## ഡിഫെൻഡർ നഷ്ടപ്പെടുന്നു?

ഡിഫെൻഡർ എല്ലാ മാസവും ഒന്നാം തീയതിയും പതിനാറാം തീയതിയും ആലുവ ആർ.എം.എസ്സിൽ ജില്ല തിരിച്ച് കെട്ടുകളാക്കി കൊടുക്കയാണ് ചെയ്യുന്നത്. കെട്ടുപോലും അഴിക്കാതെ അവർ അത് അയക്കയും ചെയ്യുന്നു. പത്രം നഷ്ടപ്പെടുന്നത് മറ്റെവിടെയോ ആണ്. നിങ്ങളുടെ പോസ്റ്റ് ഓഫീസിൽ അന്വേഷിച്ച് പരാതി നൽകിയാൽ പത്രം നഷ്ടപ്പെടുന്നത് ഒഴിവാക്കാം.

## വാർഷിക വരിസംഖ്യ

ഇന്ത്യയിൽ: 100 രൂപ
ഗൾഫ് രാജ്യങ്ങൾ: 800 രൂപ
അമേരിക്ക: 30 ഡോളർ

വിലാസം:
ടി.എസ്.ബാലൻ, ദി ഡിഫെൻഡർ,
കെ.എസ്.ആർ.ടി.സിക്ക് സമീപം,
പെരുമ്പാവൂർ പി.ഒ., പിൻ - 683542.

# സത്യം സത്യമായി

ഇങ്ങനൊരു കൊലച്ചതി സി.പി.എം. ചെയ്യുമെന്ന് ലീഡർ സ്വപ്നത്തിൽക്കൂടി കരുതിയിരുന്നില്ല. മനസ്സിൽ കണ്ടതെല്ലാം വടികുത്തി പിരിഞ്ഞു എന്നു പറഞ്ഞതുപോലെയായി കാര്യങ്ങൾ.

എന്തൊക്കെ മോഹങ്ങളായിരുന്നു. ഇടതുപക്ഷം രണ്ടു കൈയ്യും നീട്ടി സ്വീകരിക്കുമെന്നും തോളിൽ എടുത്തുകൊണ്ട് നടക്കുമെന്നും സ്വപ്നം കണ്ടിരുന്നു. ഉപതെരഞ്ഞെടുപ്പുകളിലെ വിജയത്തിന്റെ പിതൃത്വം സ്വയം ഏറ്റെടുത്ത് ഞെളിഞ്ഞപ്പോൾ മമ്മൂഞ്ഞിന്റെ മീശ അഭിമാനം കൊണ്ട് വിറച്ചിരുന്നു. സ്വന്തം പോലീസ് കേരളം ഒരിക്കൽക്കൂടി ഭരിക്കുന്നത് ഭാവനയിൽ കണ്ട് എത്രവട്ടം മന്ദഹസിച്ചതുമാണ്. പക്ഷേ വീണിതല്ലോ കിടക്കുന്നു ധരണിയിൽ എന്നു പറഞ്ഞതുപോലെയായി കാര്യങ്ങൾ. നീക്കുപോക്കിനില്ലെന്ന് നാഴികയ്ക്ക് നാല്പതുവട്ടം പറയുന്നുണ്ടെങ്കിലും അതെങ്കിലും സാധിച്ചാൽ മതിയായിരുന്നു എന്നതാണ് ഉള്ളിലിരുപ്പെന്ന് ആർക്കാണ് അറിഞ്ഞുകൂടാത്തത്.

ലീഡർ ഇനി എന്തുചെയ്യും? എന്തും ചെയ്യും. പക്ഷേ ഏറെയൊന്നും ചെയ്യാനില്ല എന്നതാണ് സ്ഥിതി. മോരില്ലേൽ ശകലം ഉണ്ടേക്കാം എന്നു പറഞ്ഞുകൊണ്ട് കോൺഗ്രസ്സിലേക്ക് മടങ്ങാം. കോൺഗ്രസ്സ് അതിന്റെ നയങ്ങളിൽ മാറ്റം വരുത്തിയിരിക്കുന്നു എന്നും പ്രിയങ്ക എന്നെങ്കിലും കോൺഗ്രസ്സിന്റെ പ്രസിഡന്റാകുമെന്നും ഒക്കെ പറയുകകൂടി ചെയ്താൽ സംഗതി ഉഗ്രനാകും.

പവാറിനെ കൂട്ടുപിടിച്ച് പരകായപ്രവേശം നടത്തി എൽ.ഡി.എഫിൽ കയറിക്കൂടാൻ ഒരു ശ്രമം നടത്തിനോക്കാം. പക്ഷേ അത് വിജയിക്കുമോ എന്ന് കണ്ടറിയണം. പി.സി.തോമസ് ഇത്തരം ഒരു വിദ്യ പ്രയോഗിച്ചിട്ട് എന്തായി ഫലം എന്ന് ഏവർക്കും അറിയാമല്ലോ.

ഒരു മൂന്നാം മുന്നണി ഉണ്ടാക്കുകയാണ് മറ്റൊരു പോംവഴി. ബി.ജെ.പി. എന്തിനും ഏതിനും തയ്യാറായി നിൽക്കുന്നുമുണ്ട്. പക്ഷേ വർഗ്ഗീയകക്ഷികളുമായി കൂട്ടുകൂടില്ല എന്ന് പ്രഖ്യാപിച്ചിട്ടുള്ളത് ഒരു പ്രശ്നമാണ്. ബി.ജെ.പി. വർഗ്ഗീയ കക്ഷിയേയല്ല എന്ന് പ്രഖ്യാപിച്ച് പ്രശ്നം പരിഹരിക്കാം. എന്തെങ്കിലും ഒന്ന് ഉടൻ ചെയ്തില്ലെങ്കിൽ സംഗതി കുഴയും എന്നു തീർച്ച.

ഏതു പ്രതിസന്ധിയേയും നേരിടാൻ ഡി.ഐ.സി. ഒരുക്കമാണ് എന്ന് മുരളീധർജി പറയുന്നു. അതല്ലാതെ മറ്റെന്തു ചെയ്യാൻ. പക്ഷേ പ്രതിസന്ധിയൊക്കെ നേരിട്ട് അങ്ങേ അറ്റത്തെത്തുമ്പോൾ പാർട്ടിയിൽ എത്ര ആളുണ്ടാകുമെന്നു മാത്രം ഇപ്പോൾ പറയാനാവില്ല.

സോണിയ ഉള്ളിടത്തോളം കാലം കോൺഗ്രസ്സിലേയ്ക്കില്ല എന്ന് ലീഡർ പറയുന്നു. സോണിയയുടെ കാലം കഴിഞ്ഞ്, പ്രിയങ്കയുടെ കാലം വന്നാലോ? അത് അപ്പോൾ നോക്കാം. ഇതു കേട്ടപ്പോൾ ഒരു സംഭവം ഓർമ്മ വരുന്നു. ശതാഭിഷേകം വരെ കഴിഞ്ഞ മുത്തശ്ശി എഴുന്നേൽക്കാൻ പോലും വയ്യാതെ കിടക്കുകയാണ്. പേരക്കുട്ടിയുടെ മകൾ, ഏഴു വയസ്സുകാരി, അടുത്തിരിക്കുന്നു. മുത്തശ്ശി തന്റെ കഷ്ടപ്പാടുകളേക്കുറിച്ച് കുഞ്ഞിനോട് വിവരിച്ചു. അപ്പോൾ ആ കുട്ടി മുതുമുത്തശ്ശിയെ ആശ്വസിപ്പിച്ചു: ‘‘മുത്തശ്ശി കരയാതെ, ഞാൻ മുത്തശ്ശിയെ നോക്കിക്കൊള്ളാം.’’ അതിന് മുത്തശ്ശി പറഞ്ഞ മറുപടി ഇതാണ്: ‘‘നീ നല്ലവളാ. നീ എന്നെ നോക്കുമെന്നെനിക്കറിയാം. പക്ഷേ നിന്റെ കാലം കഴിഞ്ഞാൽ ആരാ എന്നെ നോക്കുക’’.

‘‘മുതലാളിമാരെല്ലാം ചാകണേ, ഞാനൊരു മുതലാളി ആകണേ’’ എന്ന് പണ്ടൊരാൾ പ്രാർത്ഥിച്ചതായി കേട്ടിട്ടുണ്ട്. സി.പി.ഐ.(എം.)ന്റെ നിലപാടും ഏറെക്കുറെ ഇതാണ് എന്നു പറഞ്ഞാൽ പിണങ്ങരുത്. എ.ഡി.ബിയിൽ നിന്നും യു.ഡി.എഫ്. വായ്പ എടുക്കുന്നത് മഹാപാപം. പക്ഷേ, വായ്പ കിട്ടുന്നത് ഞമ്മക്കാണെങ്കിൽ പരമ വിശുദ്ധം. ഇതെന്താ വെള്ളരിക്കാപ്പട്ടണമോ?

ഏറ്റവും അധികം അഴിമതിക്കാരുണ്ടായിരുന്ന മന്ത്രിസഭ എന്ന റിക്കാർഡിന് അർഹത നേടാനുള്ള ശ്രമത്തിലാണ് ഉമ്മൻ ചാണ്ടി മന്ത്രിസഭ എന്ന് തോന്നുന്നു. അഴിമതിയുടെ കറ പുരളാത്ത ആരെങ്കിലും ഇനി മിച്ചമുണ്ടോ എന്ന് ഗവേഷണം ചെയ്ത് കണ്ടെത്തണം. ഹൈക്കോടതിയുൾപ്പെടെയുള്ള കോടതികൾ, മനുഷ്യാവകാശ കമ്മീഷൻ, ലോകായുക്ത തുടങ്ങി എല്ലായിടത്തുമായി കുറച്ചധികം കേസ്സുകൾ മന്ത്രിമാർക്കെതിരെ ഉണ്ടായിക്കഴിഞ്ഞു. ഇനി എത്ര ഉണ്ടാകുമെന്ന് പറയാനുമാവില്ല. കേസ്സുകളിൽ ഭൂരിപക്ഷവും നാറ്റക്കേസ്സുകളാണ്. നാറ്റം എന്നു പറഞ്ഞത് പൊതുജനത്തിന്റെ അഭിപ്രായമാണ്. കാരണം, മന്ത്രിമാർക്ക് ഇതൊന്നും നാറ്റമായി തോന്നുന്നതേയില്ല. ആല് ഏതായാലെന്താ, തണലു കിട്ടിയാൽ മതിയല്ലോ എന്നാണ് അവരുടെ നിലപാട്.

ഇനി അസംബ്ലിയിലേയ്ക്കില്ല എന്ന് വക്കംജി പ്രഖ്യാപിച്ചിരിക്കുന്നു. എന്തൊരു ത്യാഗം എന്നൊക്കെ പറയാൻ വരട്ടെ. കാരണം, കൂടിയതെന്തെങ്കിലും കാണാതെ വക്കം ഇങ്ങനെയൊരു ത്യാഗത്തിന് തയ്യാറാകുകയില്ല എന്നതുതന്നെ. എന്താണ് ലക്ഷ്യമെന്ന് ഏറെ താമസിയാതെ അറിയാൻ കഴിയും.

എല്ലാ റോഡും റോമിലേക്ക് എന്നു പറഞ്ഞതുപോലെ എല്ലാ യാത്രയും തിരുവനന്തപുരത്തേക്ക്. സകലമാന രാഷ്ട്രീയ പാർട്ടികളും ഇപ്പോൾ യാത്ര നടത്തുകയാണ്. തുടക്കം കാസർകോട് ജില്ലയിൽ നിന്ന്. അവസാനിക്കുന്നത് തിരുവനന്തപുരത്ത്. പാർട്ടികളുടെ യുവജന വിഭാഗവും മഹിളാ വിഭാഗവും ഒക്കെ പ്രത്യേകം യാത്രകൾ നടത്തുന്നുമുണ്ട്. അസംബ്ലി തെരഞ്ഞെടുപ്പു കഴിയുന്നതുവരെ ഈ പരിപാടി തുടരും. അതുകഴിഞ്ഞാൽ യാത്രക്കാരെ മഷിയിട്ടു നോക്കിയാൽ കാണില്ല.

മുഖം നോക്കാതെ നടപടി എടുക്കുന്ന കാര്യത്തിൽ നമ്മുടെ പോലീസിനെ വെല്ലാൻ ആരുമില്ല. സംശയമുള്ളവർ കഴിഞ്ഞ ദിവസം തിരുവനന്തപുരത്തു നടന്ന സംഭവം ശ്രദ്ധിക്കുക. ഈ സർക്കാരിന്റെ കൈകൾക്ക് ശക്തി പകരാൻ യൂത്തുകാർ ജാഥ നടത്തി. അനുബന്ധമായുണ്ടായ കയ്യാങ്കളിയിൽ പോലീസ് തികഞ്ഞ നിഷ്പക്ഷത പാലിച്ചു. അതായത്, ഭരണകക്ഷിക്കാരായ യൂത്തൻമാരെ ഓഫീസിൽ കയറി തല്ലി. തല്ലെന്നു പറഞ്ഞാൽ വെറും തല്ലല്ലൊന്നുമല്ല കേട്ടോ. എന്റമ്മോ എന്ന് അലറിക്കരഞ്ഞു പോകുന്നത്ര ഉഗ്രൻ തല്ല്. പോലീസായാൽ ഇങ്ങനെ വേണം.

എല്ലാവിധ അച്ചടി ജോലികൾക്കും സമീപിക്കുക

പുസ്തകങ്ങൾ, ലഘുലേഖകൾ, ബ്രോഷറുകൾ തുടങ്ങിയവയുടെ ഡി.റ്റി.പി., എഡിറ്റിംഗ്, പ്രിന്റിംഗ് തുടങ്ങിയ എല്ലാ ജോലികളും ചെയ്യുന്നതാണ്.

ആത്മീയ ഗ്രന്ഥങ്ങൾക്ക് പ്രത്യേക പരിഗണന.

പെരുമ്പാവൂർ പ്രിന്റേഴ്സ്
ബസ്റ്റ് കോംപ്ലക്സ്
കെ.എസ്.ആർ.ടി.സിക്ക് സമീപം
പെരുമ്പാവൂർ. ഫോൺ : 0484-3022356, 9447414608

# ഐ.പി.സി. നേതാക്കൻമാർ പരസ്യയുദ്ധം നടത്തുന്നു

പെന്തക്കോസ്തിലെ രഹസ്യങ്ങൾ ബാലൻ പരസ്യപ്പെടുത്തുന്നു എന്ന് പരാതി പറഞ്ഞ് നടക്കുന്നവർ ശ്രദ്ധിക്കുക: ബാലൻ പോലും ചെയ്തിട്ടില്ലാത്തത്ര പരസ്യമാണ് ഐ.പി.സി. നേതാക്കൻമാർ സഭാപ്രശ്നത്തിന് ചെയ്യുന്നത്.

സഭയിലെ പ്രശ്നങ്ങളേക്കുറിച്ച് ഡിഫെൻഡറിൽ എഴുതുക മാത്രമാണ് ബാലൻ ചെയ്യുന്നത്. ഡിഫെൻഡറിന്റെ വായനക്കാരിൽ ഭൂരിപക്ഷവും വിശ്വാസികളായതുകൊണ്ട് പൊതുജനം ഈ കാര്യങ്ങളൊന്നും അധികം അറിയാറുമില്ല. പക്ഷേ ഐ.പി.സി. നേതാക്കൻമാർ ചെയ്യുന്നത് ഇതൊന്നുമല്ല. അവർ മനോരമ പത്രത്തിലൂടെയാണ് ഐ.പി.സിയിലെ വിഴുപ്പലക്കുന്നത്. സുവിശേഷവേലയ്ക്കായി വിശ്വാസികൾ നൽകിയ പണമാണ് ഇവർ ഇപ്രകാരം ദുർവ്വിനിയോഗം ചെയ്യുന്നത്.

ഐ.പി.സിയിൽ നിന്നും പുറത്താക്കപ്പെട്ട കെ.പി.കുര്യൻ ഇപ്പോഴും ആമല്ലൂർ ഐ.പി.സിയുടെ പാസ്റ്ററാണ്. കുര്യൻ രണ്ടാഴ്ച മുൻപ് അവിടെ ഒരു കൺവെൻഷൻ നടത്തി. ഐ.പി.സി. ആമല്ലൂർ സഭയുടെ കൺവെൻഷൻ എന്ന നിലയ്ക്ക് അതേപ്പറ്റി മനോരമയിൽ പരസ്യം കൊടുക്കുകയും ചെയ്തു.

പരസ്യം കണ്ടതോടെ ഐ.പി.സി. നേതാക്കൻമാരുടെ രക്തം തിളച്ചു. അവർ മനോരമയിൽ മറ്റൊരു പരസ്യം കൊടുത്തു. കുര്യനെ ഐ.പി.സിയിൽ നിന്നും മുടക്കിയതാണെന്നും കുര്യൻ നടത്തുന്ന കൺവെൻഷൻ ഐ.പി.സിയുടെ കൺവെൻഷൻ അല്ലെന്നും മറ്റുമായിരുന്നു പരസ്യത്തിൽ ഉണ്ടായിരുന്നത്.

കുര്യൻ വിടുമോ? പിറ്റേന്നുതന്നെ കുര്യൻ വീണ്ടും മനോരമയിൽ പരസ്യം കൊടുത്തു. കുര്യനെ സഭയിൽ നിന്നും പുറത്താക്കിയതിനെതിരെ കുര്യൻ കൊടുത്ത കേസ്സ് കോടതിയുടെ പരിഗണനയിലാണെന്നും അതുകൊണ്ട് കുര്യൻ ഇപ്പോഴും ഐ.പി.സിയിൽ തന്നെ ആണെന്നും കുര്യൻ വ്യക്തമാക്കി. ഈ പരസ്യത്തിന് ഐ.പി.സി. നേതാക്കൻമാർ മറുപടി പറഞ്ഞില്ല. എങ്കിലും ആകെ നാണക്കേടായി.

# പിടിച്ചു നിൽക്കാൻ മത്തായി പാടുപെടുന്നു

ബോംബെയിലെ ചർച്ച് ഓഫ് ഗോഡ് ഓവർസിയർ എ.മത്തായി പിടിച്ചു നിൽക്കാനുള്ള ബദ്ധപ്പാടിലാണ്. കുറേക്കാലം മിണ്ടാതിരുന്നാൽ ബാലൻ ഒതുങ്ങുമെന്നും അങ്ങനെ രക്ഷപ്പെടാമെന്നുമാണ് മത്തായിയുടെ കണക്കുകൂട്ടൽ.

മത്തായിയുടെ ഭാര്യയുടേയും മക്കളുടേയും യഥാർത്ഥ ചരിത്രം പുറത്തായതോടെ മത്തായിയുടെ നില പരുങ്ങലിൽ ആയിരിക്കാണ്. ബോംബെയിലുള്ള എല്ലാ പെന്തക്കോസ്ത് സഭകളിലും ഡിഫെൻഡർ എത്തിയതിനാൽ ഈ കാര്യങ്ങൾ അറിയാൻ ഇനി ബോംബെയിൽ ആരും ബാക്കിയില്ല. അതുകൊണ്ട് പൊതു പരിപാടികളിലൊന്നും പങ്കെടുക്കാതെ ഒതുങ്ങി കഴിയുകയാണ് മത്തായി. എവിടെ ചെന്നാലും ഈ കാര്യമാണ് മറ്റുള്ളവർ ചോദിക്കുന്നത്. ഡിഫെൻഡർ കള്ളം പറയുകയാണ് എന്ന് പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിക്കാറുണ്ടെങ്കിലും പമ്പര വിഡ്ഢികളൊഴികെ ആരും അത് വിശ്വസിക്കുന്നില്ല.

കുറേക്കാലം മിണ്ടാതിരുന്നാൽ ഡിഫെൻഡർ ഈ വിഷയം വിട്ടുകളയും എന്നാണ് മത്തായി കരുതുന്നതെങ്കിൽ തെറ്റി. മത്തായി ഓവർസിയർ സ്ഥാനം ഉപേക്ഷിക്കുന്നതുവരെ ഡിഫെൻഡർ എഴുതിക്കൊണ്ടിരിക്കും. മത്തായി പരമാവധി നാറും. അത് ഒഴിവാക്കുകയാണ് ബുദ്ധി. ഇല്ലെങ്കിൽ മത്തായിക്കു മാത്രമല്ല, അരുമ സന്തതികൾക്കു പോലും വേദപുസ്തകവും എടുത്തുകൊണ്ട് നടക്കാൻ വയ്യാത്ത സ്ഥിതി ഉണ്ടാകും.

# ദേശാധിപതിയെ ആവാഹിച്ച് ബന്ധിച്ചു

അറിയപ്പെടുന്ന ഒരു പ്രസംഗകൻ ഈയിടെ ദേശാധിപതിയെ ആവാഹിച്ച് ബന്ധിക്കുന്ന വിദ്യ കണ്ടുപിടിച്ചു. സംഭവം നടന്നത് തൃശൂരിലാണ്. കണ്ടുപിടുത്തം നടത്തിയ ആളുടെ പേര് തത്ക്കാലം പറയുന്നില്ല. ആവശ്യം വന്നാൽ പിന്നീട് പറയാം.

ദേശാധിപതി എന്നു പറഞ്ഞാൽ ഗവർണ്ണർ. എങ്കിലും ഏതെങ്കിലും സംസ്ഥാനത്തെ ഗവർണ്ണറേക്കുറിച്ചല്ല പറഞ്ഞു വരുന്നത്. സാത്താന്റെ രാജ്യത്തെ ഗവർണ്ണറാണ് ഈ വാർത്തയിലെ കഥാപാത്രം.

ഓരോ ദേശത്തും സാത്താന്റെ ഒരു ദേശാധിപതി ഉണ്ടെന്നാണ് പൊതുവെയുള്ള വിശ്വാസം. (അത് ശരിയോ തെറ്റോ ആകട്ടെ). ഈ ദേശാധിപതിയെ ബന്ധിക്കാൻ ദൈവദാസൻമാർക്ക് അധികാരമുണ്ടെന്നും പറയപ്പെടുന്നു. (ബൈബിളിൽ എവിടെയാണാവോ ഇങ്ങനെ പറയുന്നത്). ഈ അധികാരം ഉപയോഗിച്ച് പലരും ദേശാധിപതിയെ ബന്ധിക്കാറുമുണ്ട്. പക്ഷേ ഇത്തരം ബന്ധനമൊക്കെ പൊട്ടിച്ച് ദേശാധിപതി പലപ്പോഴും പുറത്തു ചാടുകയും കുഴപ്പങ്ങൾ ഉണ്ടാക്കുകയും ചെയ്യും. അതിനുള്ള പരിഹാരമെന്ന നിലയ്ക്കാണ് ഒരു പ്രസംഗകൻ ദേശാധിപതിയെ ആവാഹിച്ച് ബന്ധിക്കുന്ന പരിപാടി കണ്ടുപിടിച്ചത്.

എങ്ങനെയാണ് ദേശാധിപതിയെ ആവാഹിച്ച് ബന്ധിക്കുന്നത്? പറയാം:

ആണും പെണ്ണും അടങ്ങുന്ന ഒരു സംഘത്തോടൊപ്പമാണ് പ്രസംഗകൻ തൃശൂരിൽ എത്തിയത്. തൃശൂരിന്റെ ദേശാധിപതിയെ പ്രസംഗകൻ പ്രാർത്ഥനയിലൂടെ ആവാഹിച്ചു. എന്നിട്ട് ആ പിശാചിനെ പ്രസംഗകന്റെ സംഘത്തിലുള്ള രണ്ടു സ്ത്രീകളുടെ ശരീരത്തിലേക്ക് കയറ്റി. കൺവെൻഷൻ കഴിയുന്നതുവരെ അവരെ ദൂരെയൊരിടത്ത് അടച്ചിട്ടു. കൺവെൻഷൻ കഴിഞ്ഞ് ദേശാധിപതിയെ സ്ത്രീകളുടെ ശരീരത്തിൽ നിന്ന് മോചിപ്പിക്കയും ചെയ്തു.

ഇതൊക്കെ കേട്ട് ഹാലേലൂയ്യാ പറയാൻ ആളുണ്ടായിരുന്നു. എങ്കിലും ഇതൊന്നും ഇഷ്ടപ്പെടാത്തവരും തൃശൂരിൽ ഉണ്ടായിരുന്നു. പക്ഷേ പ്രസംഗകനോടുള്ള ബഹുമാനം നിമിത്തം ഇവരാരും പ്രശ്നമുണ്ടാക്കിയില്ല.

ഒന്നെങ്കിൽ ആശാന്റെ നെഞ്ചത്ത്, അല്ലെങ്കിൽ കളരിക്കു പുറത്ത് എന്നതാണ് പെന്തക്കോസ്തിലെ സ്ഥിതി. ഭൂതവും പിശാചും ആത്മീയ യുദ്ധവും ഒന്നും ഇല്ല എന്നു പറയുന്ന പെന്തക്കോസ്തുകാരുണ്ട്. മറിച്ച് പിശാചിനെ ബന്ധിക്കുക വരെ ചെയ്യുന്ന വിരുതൻമാരുമുണ്ട്.

# കുമളിയിലെ കുരിശുയുദ്ധം സൂക്ഷിച്ച് നടത്തുക

തിരുവല്ലയിൽ നടത്തിയ മാമാങ്കത്തിന്റെ ഒരു മിനി പതിപ്പ് കുമളിയിൽ നടത്താനുള്ള പുറപ്പാടിലാണ് സണ്ണി ഇലഞ്ഞിമറ്റം. വല്ലവന്റേയും കാശുകൊണ്ട് ഷൈൻ ചെയ്യുകയാണ് ഉദ്ദേശ്യം.

സുവിശേഷത്തിന്റെ പേരിൽ എന്തു മാമാങ്കം നടക്കുന്നതായി അറിഞ്ഞാലും സണ്ണി അവിടെ പാഞ്ഞെത്തും. മാമാങ്കം കഴിഞ്ഞ് പൊടി അടങ്ങിയിട്ടേ സണ്ണി മടങ്ങൂ. കോട്ടയത്ത് യോംഗിചോ വന്നപ്പോൾ സണ്ണി സജീവമായി രംഗത്തുണ്ടായിരുന്നു. തിരുവല്ലയിലെ കലാപരിപാടിയുടെ ഇടയിലും സണ്ണി ഉണ്ടായിരുന്നു. ഇങ്ങനെ ഷൈൻ ചെയ്ത് നടക്കുന്നതിനിടയിലാണ് സ്വന്തം ദേശത്ത് ഒന്നു ഷൈൻ ചെയ്യാൻ സണ്ണിക്ക് മോഹം ഉദിച്ചത്.

തിരുവല്ലയിൽ അഗ്നിമഴ പെയ്യിച്ച വെഷപ്പിനെ കൊണ്ടുവരാമെന്ന് കുഴിക്കാല ഏറ്റു. അതോടെ സണ്ണി ഉഷാറായി. ഇടുക്കി ജില്ലയിലുള്ള പാസ്റ്റർമാരെയെല്ലാം വിളിച്ചുകൂട്ടി ഒരു കമ്മറ്റി ഉണ്ടാക്കി. എല്ലാ പാസ്റ്റർമാരേയും പാരവാഹികളാക്കി. അതോടെ പാസ്റ്റർമാർക്ക് സന്തോഷമായി. ഷൈൻ ചെയ്യാൻ കിട്ടുന്ന അവസരം വെറുതെ കളയുന്നതെങ്ങനെ. യോഗത്തിനായുള്ള ഒരുക്കങ്ങൾ ഇപ്പോൾ തകൃതിയായി നടക്കുകയാണ്.

എല്ലാം ഒത്തു എന്നു കരുതി ഇരിക്കുന്നതിനിടയിലാണ് സാം കുഴിക്കാലയുടെ തട്ടിപ്പുകൾ പുറത്തായത്. ഇപ്പോൾ കുഴിക്കാല എവിടെയാണെന്നുപോലും പിടിയില്ല. ഇക്കണക്കിനു പോയാൽ കുഴിക്കാല എങ്ങനെ വെഷപ്പിനെ കൊണ്ടുവരും? വെഷപ്പ് വന്നില്ലെങ്കിൽ യോഗത്തിന്റെ സ്ഥിതി എന്താകും? സംഘാടകർക്ക് ഒരു എത്തും പിടിയും കിട്ടുന്നില്ല. ഏതായാലും സണ്ണി ഇലഞ്ഞിമറ്റവും കൂട്ടരും സൂക്ഷിക്കുക, സാം കുഴിക്കാല പറഞ്ഞതു കേട്ട് എടുത്തു ചാടരുത്. വെഷപ്പ് എത്തിയില്ലെങ്കിൽ ആകെ നാണക്കേടാകും.


## ട്രസ്റ്റുകളും സൊസൈറ്റികളും ഉണ്ടാക്കുന്നതെങ്ങനെ?

അനാഥശാലകൾ, വൃദ്ധസദനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, ആരാധനാലയങ്ങൾ, മതസ്ഥാപനങ്ങൾ തുടങ്ങിയവ സ്ഥാപിക്കുവാനും നടത്തുവാനും ആഗ്രഹമുള്ളവർ നിരവധിയാണ്. പക്ഷേ, അതിനാവശ്യമായ ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും എങ്ങനെയാണ് രജിസ്റ്റർ ചെയ്യേണ്ടതെന്ന് മിക്കവർക്കും അറിഞ്ഞുകൂടാ.

ഈ രംഗത്ത് ഡിഫെൻഡർ നിങ്ങളെ സഹായിക്കാം.

ഞങ്ങൾ നൽകുന്ന സേവനങ്ങൾ:

ചാരിറ്റബിൾ സൊസൈറ്റികളും ട്രസ്റ്റുകളും സ്ഥാപിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

സ്ഥാപനം രജിസ്റ്റർ ചെയ്യാൻ വേണ്ട നിയമാവലിയും മറ്റും ഉണ്ടാക്കുന്നു.

ആദായ നികുതി ഇളവുകളും മറ്റും ലഭിക്കാൻ ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നു.

കൂടുതൽ വിവരങ്ങൾക്ക്
ഡിഫെൻഡർ ഓഫീസുമായി ബന്ധപ്പെടുക.
ഫോൺ: 0484-3022356, 9447414608




# ഈ പോക്ക് എങ്ങോട്ട്?

മാറ്റം അനിവാര്യമാണ്. പെന്തക്കോസ്ത് സഭകളിലും മാറ്റങ്ങൾ ഉണ്ടാകാം. മാറ്റങ്ങളെല്ലാം തെറ്റായിക്കൊള്ളണമെന്നില്ല. പക്ഷേ, ഇക്കാലത്ത് പെന്തക്കോസ്തിൽ ഉണ്ടായിരിക്കുന്ന മാറ്റങ്ങളിൽ നല്ലൊരുപങ്ക് അഭികാമ്യമല്ല, ദൈവീകവുമല്ല. ചില ഉദാഹരണങ്ങൾ:

പെന്തക്കോസ്തിൽ റവറണ്ടുമാരോ പാസ്റ്റർമാർപോലുമോ പണ്ട് ഉണ്ടായിരുന്നില്ല. ഉപദേശിമാർ മാത്രമേ ഉണ്ടായിരുന്നുള്ളു. സിംഹവാലൻ കുരങ്ങിന്റെ കാര്യത്തിലെന്നപോലെ ഉപദേശിമാർക്കും വംശനാശം സംഭവിച്ചിരിക്കുന്നു. ഇന്ന് കുറെ ഇവാകളും പാസ്റ്റർമാരുമാണ് ഉള്ളത്. പാസ്റ്റർ മൂത്ത് റവയുമാകും. മിക്കവർക്കും ഡോയുമാ ഉണ്ടാകും. (വില 50 ഡോളർ).

പണ്ട് കടുത്ത ദാരിദ്രത്തിലാണ് മിക്ക കുടുംബങ്ങളും കഴിഞ്ഞിരുന്നത്. ഒരോ ദിവസവും തള്ളി നീക്കുന്നത് വളരെ വിഷമിച്ചായിരുന്നു. അരിയാഹാരം ദിവസത്തിൽ ഒരു നേരമെങ്കിലും കിട്ടിയാൽ ഭാഗ്യം. കപ്പ, ചേന, കാച്ചിൽ, ചേമ്പ് തുടങ്ങിയവയൊക്കെയാണ് മിക്ക ദിവസവും കഴിക്കുന്നത്. അതുപോലും കിട്ടാത്ത ദിവസങ്ങളും ഉണ്ടാകാം. എങ്കിലും നിരാശയില്ല. ഇതൊക്കെ പ്രതീക്ഷിച്ചുകൊണ്ടാണല്ലോ കർത്താവിന്റെ പിന്നാലെ ഇറങ്ങിയത്.

പക്ഷേ ഇന്ന് അതല്ല സ്ഥിതി. പട്ടിണിയും കഷ്ടതയും മറ്റും മാറി. മാത്രമല്ല കഷ്ടതയും രോഗവും പട്ടിണിയും മറ്റും ശാപത്തിന്റെ ഫലമായി ഉണ്ടാകുന്നതാണെന്ന വിശ്വാസത്തിനാണ് ഇന്ന് പ്രാമുഖ്യം. രക്ഷിക്കപ്പെടുന്നതോടെ സാമ്പത്തികമായി ഉയരാൻ തുടങ്ങുമത്രേ. അത് സംഭവിച്ചില്ലെങ്കിൽ ശാപം പൊട്ടിയിട്ടില്ല. എത്രയും വേഗം ഒരു ശാപം പൊട്ടിക്കൽ വിദഗ്ദ്ധനെ കാണുക. എം.എ.വർഗീസായാൽ ഏറെ നല്ലത്. (ആലുവ-പുളിഞ്ചുവട്ടിൽ അത്യുഗ്രൻ ശാപം പൊട്ടിക്കൽ ഇപ്പോൾ നടക്കുകയാണ്).

പഴയതെല്ലാം നല്ലതായിരുന്നു എന്നും പുതിയതെല്ലാം മഹാ മോശമാണെന്നും പറയുന്നത് ഒരു ഫാഷനായി കൊണ്ടു നടക്കുന്നവരുണ്ട്. അത്തരത്തിലുള്ള ഒരു മേനിപറച്ചിലായി ഇത് കണക്കാക്കരുതെന്ന് അപേക്ഷ. പഴയതെല്ലാം നല്ലതായിരുന്നു എന്ന് പറയാനാവില്ല. ഉദാഹരണത്തിന് പെന്തക്കോസ്തിന്റെ ആദ്യ കാലങ്ങളിൽ നിലനിന്നിരുന്ന സാരി വിരോധത്തിന് തിരുവചനത്തിൽ എന്ത് അടിസ്ഥാനമാണുള്ളത്? ഇക്കാലത്ത് ചിലർക്കുള്ള ചുരിദാർ വിരോധംപോലെ പരമ വിഡ്ഢിത്തമായിരുന്നു അത്. വെള്ളവസ്ത്രം മാത്രമേ ധരിക്കാവൂ എന്ന ശാഠ്യവും കഥയില്ലാത്തതായിരുന്നു. മരുന്നു കഴിച്ചതിന്റെ പേരിൽ സഭയിൽ നിന്നും പുറത്താക്കുക വരെ ചെയ്തിട്ടുണ്ട്. അന്ധമായ ആഭരണ വിരോധം പോലും വചനവിരുദ്ധമാണെന്ന് പറയാതെ വയ്യ.

കുറ്റങ്ങൾ ഏറെ പറയാനുണ്ടെങ്കിലും ആദിമകാലത്തെ പെന്തക്കോസ്തർക്കുണ്ടായിരുന്ന ഭക്തിയും സമർപ്പണവും ഇക്കാലത്തില്ല എന്നത് സത്യമാണ്. അതുപോലെ പരിശുദ്ധാത്മാഭിഷേകത്തിന് പഴയ പ്രാധാന്യം ഇന്നില്ല.

വേർപാട് എന്ന വിഷയത്തിൽ പെന്തക്കോസ്തർക്കുണ്ടായിരിക്കുന്ന ചുവടുമാറ്റം അവിശ്വസനീയമാണ്. പട്ടത്വ സഭകൾ മഹതിയാം ബാബിലോണും സന്തതികളുമാണെന്ന് കാര്യകാരണസഹിതം സ്ഥാപിച്ച കെ.ഇ. ഏബ്രഹാമിന്റെ മകനായ ടി. എസ്. ഏബ്രഹാമിന് തിരുമേനിമാരുമായി കൈകോർക്കാൻ ശങ്കയൊന്നും ഉണ്ടായില്ല. ക്രിസ്തുമസ്സ് ജാതീയദേവന്റെ ജൻമോത്സവമാണെന്നു പറഞ്ഞ കെ.ഇ. ഏബ്രഹാമിന്റെ കൊച്ചുമോനായ വത്സൻ ഏബ്രഹാം സ്വന്തം മാസികയായ കാഹളത്തിലൂടെ ക്രിസ്തുമസ്സ് ആശംസ നേരുന്നതും നാം കാണുന്നു. അവരുടെ വെബ്സൈറ്റിൽ ഇന്ത്യയ്ക്കായി ക്രിസ്തുമസ്സ് സമ്മാനം ചോദിക്കുന്നുമുണ്ട്.

സാമ്പത്തിക രംഗത്തുള്ള അഴിമതിയാണ് ഗൗരവമുള്ള മറ്റൊരു വിഷയം. പോക്കറ്റ് മണിയായി ചിലർ കൊടുത്ത പണം സഭയ്ക്ക് നൽകിയില്ല എന്ന മഹാപാപത്തിന് പാസ്റ്റർ കെ.സി.ചെറിയാനെ മഹറോൻ ചൊല്ലിയ കെ.ഇ.ഏബ്രഹാമിന്റെ മകൻ ദൈവവേലക്കു ലഭിച്ച പണം ഉപയോഗിച്ച് ഏറ്റവും വലിയ നിക്ഷേപകനുള്ള അവാർഡുവാങ്ങി. കൊച്ചുമോൻ ഏത്ര കോടി വിഴുങ്ങി എന്ന് ന്യായവിധി ദിവസം മാത്രമേ അറിയാൻ കഴിയൂ. ഐ.പി.സി.യുടെ സുനാമി ഫണ്ടിലേക്ക് ലഭിച്ച ഒരുലക്ഷം ഡോളർ ഒറ്റ രാത്രി കൊണ്ട് സ്വന്തം സംഘടനയുടെ വകയാക്കി.

സദാചാര രംഗത്ത് പെന്തക്കോസ്ത് സഭകൾ ഇത്രത്തോളം അധഃപതിച്ച മറ്റൊരു കാലമുണ്ടോ എന്നു സംശയമാണ്. ഒരു മറയും കൂടാതെ റ്റി. എസ്.ഏബ്രഹാമും കെ.സി.ജോണും സി.വി.ജോണും ഒക്കെ വ്യഭിചരിച്ചിട്ടും അതിനെതിരെ പ്രതികരിക്കാൻ ആർക്കും ധൈര്യമുണ്ടായില്ല. ദുർന്നടപ്പ് ഒരു പാപമല്ലാതായിരിക്കുന്നു. പെന്തക്കോസ്തിന്റെ അപചയമാണ് ഈ നിസ്സംഗതയിലൂടെ വെളിപ്പെടുന്നത് എന്ന് നിസ്സംശയം പറയാം.

വചനത്തിൽ അടിസ്ഥാനമില്ലാത്ത കുറെ വിശ്വാസാചാരങ്ങൾ പെന്തക്കോസ്ത് സഭകളിൽ ഉണ്ടായിരുന്നു. അവയിൽ മിക്കതും ഇപ്പോഴില്ല. അത് നല്ല മാറ്റമാണ്. പക്ഷേ ദുർന്നടപ്പും ദ്രവ്യാഗ്രഹവും തട്ടിപ്പും രാഷ്ട്രീയക്കളികളും മറ്റും അനുദിനം ഏറി വരുന്നു. ഇത് അനുവദിക്കാവുന്നതല്ല. ഈ വൈകിയ വേളയിലെങ്കിലും ഇതിനൊക്കെ എതിരെ നടപടി എടുത്തില്ലെങ്കിൽ പെന്തക്കോസ്ത് സഭകൾ നശിക്കും.




# ഡിഫെൻഡർ മറുപടി പറയുന്നു

? ഊതിവീഴ്ത്ത്, വിശുദ്ധ ഛർദ്ദി, വിശുദ്ധകുര തുടങ്ങിയ ശുശ്രൂഷകൾ നടത്തുന്നവരോട് തിരുവചനത്തിൽ നിന്നും ആധാരം ചോദിക്കുമ്പോൾ, ''കർത്താവ് ചെയ്തതിലും അധികം ചെയ്യാനുള്ള അധികാരം ശിഷ്യൻമാർക്കുണ്ട്'' എന്ന മറുപടിയാണ് പറയുക. ഈ ഉത്തരം ദൈവവചനാനുസൃതമാണോ?

■ കർത്താവ് ചെയ്തതിലും അധികം ശുശ്രൂഷകൾ ദൈവദാസൻമാർക്ക് ചെയ്യാൻ കഴിയും എന്നത് തികച്ചും സത്യമാണ്. കാരണം, കർത്താവായ യേശുക്രിസ്തു ഇങ്ങനെ വാഗ്ദത്തം ചെയ്തിട്ടുണ്ട് എന്നതു തന്നെ. ബൈബിൾ ദൈവവചനമാണ് എന്ന് വിശ്വസിക്കുന്നവർ ഇത് വിശ്വസിച്ചേ മതിയാകൂ.

കർത്താവ് യഥാർത്ഥത്തിൽ എന്താണ് വാഗ്ദത്തം ചെയ്തത് എന്നതാണ് അടുത്ത പ്രശ്നം. കർത്താവ് ചെയ്തതിലും അധികം ചെയ്യാൻ ദൈവദാസൻമാർക്ക് അധികാരമുണ്ട് എന്ന് വാദിക്കുന്നവരിൽ ഭൂരിപക്ഷവും ഈ വാക്യം ദുർവ്യാഖ്യാനം ചെയ്യാറുണ്ട്. ആത്മവിവശത എന്ന പേരിൽ അറിയപ്പെടുന്ന ശുശ്രൂഷകളും ഇതിനോട് സാമ്യമുള്ള മറ്റു പല അനുഭവങ്ങളും ന്യായീകരിക്കാനാണ് സാധാരണയായി ഈ വാക്യം ഉപയോഗിക്കുന്നത്. ഈ വിധത്തിലുള്ള ഒരു അർത്ഥം ഈ വാക്യത്തിനുണ്ടോ? ഉത്തരം കണ്ടെത്തേണ്ടത് ദൈവ വചനത്തിൽ നിന്നാണ്.

ദൈവവചനം പ്രധാനമായി രണ്ടു തരത്തിൽ വ്യാഖ്യാനിക്കാം. ബൈബിൾ യഥാർത്ഥത്തിൽ എന്തു പറയുന്നു എന്ന് വ്യക്തമാക്കുന്നതാണ് ഒരു വ്യാഖ്യാനരീതി. അതാണ് ശരി. എന്നാൽ നമ്മുടെ മനസ്സിലുള്ള ആശയങ്ങൾ ബൈബിളിനേക്കൊണ്ട് പറയിപ്പിക്കുന്നതാണ് മറ്റൊരു രീതി. അത് തികച്ചും തെറ്റാണെന്ന് പറയേണ്ടതില്ലല്ലോ.

ഒരു ഉദാഹരണം കൊണ്ട് ഇത് വ്യക്തമാക്കാം. 1കൊരി.1:17 വായിക്കുക. "സ്നാനം കഴിപ്പിപ്പാനല്ല, സുവിശേഷം അറിയിപ്പാനത്രേ ക്രിസ്തു എന്നെ അയച്ചത്" എന്ന് പൗലോസ് പറയുന്നു. എന്താണ് ഈ വാക്യത്തിന്റെ അർത്ഥം? അതറിയണമെങ്കിൽ അതിനു മുൻപുള്ള വാക്യങ്ങൾ വായിക്കണം. അതോടൊപ്പം കൊരിന്തിലെ സംസ്ക്കാരത്തേക്കുറിച്ച് ചിലതെല്ലാം അറിയുകയും വേണം.

പത്രോസ്, പൗലോസ്, അപ്പല്ലോസ് തുടങ്ങിയ നേതാക്കൻമാരുടെ പേരു പറഞ്ഞ് കൊരിന്തിലെ വിശ്വാസികൾ ഭിന്നിച്ചു നിൽക്കുന്ന സാഹചര്യത്തിലാണ് പൗലോസ് ഇതു പറഞ്ഞത്. സ്വന്തം ഗുരുവിന്റെ പേരു പറഞ്ഞ് അഭിമാനം കൊള്ളുന്നവർ ഇന്ത്യയിലുമുണ്ടല്ലോ. എന്തിനേറെ പറയുന്നു, "ഉണ്ണൂണ്ണിസ്സാറാ എന്നെ സ്നാനപ്പെടുത്തിയത്" എന്നും മറ്റും പറയുന്നവർ നമ്മുടെ നാട്ടിൽപ്പോലും ഉണ്ടല്ലോ. ഇത്തരം ഒരു സാഹചര്യത്തിൽ വേണം പൗലോസിന്റെ വാചകം പഠനവിധേയ മാക്കുവാൻ.

താനാണ് സ്നാനപ്പെടുത്തിയത് എന്നു പറഞ്ഞ് ആരും അഭിമാനം കൊള്ളാതിരിക്കാനുള്ള മുൻകരുതൽ പൗലോസ് സ്വീകരിച്ചിരുന്നു. അതുകൊണ്ട് വളരെപ്പേരെ സ്നാനപ്പെടുത്താതിരിക്കാൻ പൗലോസ് ശ്രദ്ധിച്ചിരുന്നു. കൂടുതൽ പേരെ സ്നാനപ്പെടുത്തി എന്ന ഖ്യാതി നേടുന്നതിൽ പൗലോസിന് താല്പര്യവുമില്ലായിരുന്നു. അതുകൊണ്ടാണ് സ്നാനപ്പെടുത്തുവാനല്ല സുവിശേഷം അറിയിക്കുവാനാണ് താൻ കൊരിന്തിൽ എത്തിയത് എന്ന് പൗലോസ് പറയുന്നത്. പക്ഷേ, വിശ്വാസസ്നാനം ആവശ്യമില്ല എന്നു വാദിക്കുന്നവർ ഈ വാക്യം ദുർവ്യാഖ്യാനം ചെയ്യുന്നു. സ്നാനം ആവശ്യമില്ല എന്നാണ് പൗലോസ് പറയുന്നത് എന്നത്രേ അവരുടെ വാദം. ബൈബിളിലെ വാക്യങ്ങൾ ദുർവ്യാഖ്യാനം ചെയ്യുന്നതിന് നല്ല ഉദാഹരണമാണ് ഈ വാക്യം. കർത്താവ് ചെയ്തതിലും അധികം ചെയ്യാൻ ദൈവദാസൻമാർക്ക് കഴിയും എന്ന വസ്തുതയും ഇതുപോലെ ദുർവ്യാഖ്യാനം ചെയ്യുന്നു.

എന്താണ് കർത്താവ് യഥാർത്ഥത്തിൽ പറഞ്ഞത്? യേശുക്രിസ്തു വിശ്വാസികൾക്കു വേണ്ടി പിതാവിന്റെ സന്നിധിയിൽ നിരന്തരം പക്ഷവാദം ചെയ്തുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ദൈവദാസൻമാർക്ക് അളവുകൂടാതെ ദൈവകൃപ അനുഭവിക്കുവാൻ കഴിയുന്നു. കർത്താവ് ചെയ്തതിലും അധികം ശുശ്രൂഷ ചെയ്യുവാൻ ദൈവകൃപ അവർക്ക് പ്രാപ്തി നൽകും. കർത്താവ് മൂന്നര വർഷത്തോളം ശുശ്രൂഷ ചെയ്തെങ്കിൽ ദൈവദാസൻമാർക്ക് അതിന്റെ പത്തോ ഇരുപതോ ഇരട്ടിക്കാലം ശുശ്രൂഷ ചെയ്യാൻ കഴിയുന്നു. അതുപോലെ കർത്താവിന്റെ ശുശ്രൂഷ പാലസ്റ്റീൻ നാട്ടിലും പരിസരത്തും മാത്രമായി ഒതുങ്ങി നിന്നിരുന്നെങ്കിൽ ദൈവദാസൻമാർക്ക് ഭൂമിയുടെ അറ്റത്തോളം ചെന്ന് സുവിശേഷഘോഷണം നടത്താൻ കഴിയുന്നു. കർത്താവ് എത്രപേരോട് സുവിശേഷം അറിയിച്ചു? ഒന്നോ രണ്ടോ ലക്ഷം. ബില്ലിഗ്രഹാം എത്രപേരോട് സുവിശേഷം പ്രസംഗിച്ചു. അനേക കോടി. ഇങ്ങനെ, കർത്താവ് ചെയ്തതിലും അധികം ചെയ്യുവാൻ ദൈവദാസൻമാർക്ക് കഴിയുന്നു.

അധികം പ്രസംഗിക്കുക എന്നതിന് "അധികപ്രസംഗം" എന്ന അർത്ഥം കൊടുക്കരുത്. അധികം ചെയ്യുക എന്നതിന് ദൈവവചനത്തിന്റെ അതിര് വിട്ടു പോകുക എന്ന് അർത്ഥമില്ല. ഈ വിഷയം അല്പംകൂടി വിശദീകരിക്കാം.

കർത്താവ് ഈ വാഗ്ദത്തം നടത്തിയശേഷം അപ്പൊസ്തലൻമാർ എത്രക്കാലം ശുശ്രൂഷ ചെയ്തു? കൃത്യമായി പറയാൻ ബുദ്ധിമുട്ടുണ്ട്. എങ്കിലും പറയട്ടെ: കുറഞ്ഞപക്ഷം അരനൂറ്റാണ്ടു കാലത്തെ ചരിത്രം പ്രവൃത്തികളുടെ പുസ്തകം, ലേഖനങ്ങൾ തുടങ്ങിയവയിൽ നിന്ന് നമുക്ക് ലഭിക്കുന്നുണ്ട്. അത് ശ്രദ്ധിച്ചു പഠിക്കുക. കർത്താവ് ചെയ്തതിലും അധികം ചെയ്യും എന്ന വാഗ്ദത്തം അവർ ഏതു വിധത്തിൽ പ്രയോഗിച്ചു എന്ന് നോക്കുക. ദൈവവചനത്തിന്റെ അതിര് വിട്ടുകൊണ്ടുള്ള ശുശ്രൂഷ അവർ എപ്പോഴെങ്കിലും ചെയ്തിട്ടുണ്ടോ?

കർത്താവ് എന്താണ് വാഗ്ദത്തം ചെയ്തത്, അപ്പൊസ്തലൻമാർ ഈ വാഗ്ദത്തങ്ങൾ ഏതു വിധത്തിൽ പ്രാപിച്ചു, ലേഖനങ്ങളിൽ ഇവയേക്കുറിച്ച് എന്തു പറയുന്നു എന്നിങ്ങനെ പടിപടിയായി പരിശോധിക്കുക. ഒന്നാം നൂറ്റാണ്ടിലെ അപ്പൊസ്തലൻമാർക്ക് ദൈവം കൊടുക്കാതിരിക്കുകയും ഇരുപതാംനൂറ്റാണ്ടിലെ ഉണർവ്വു പ്രസംഗകർക്കു മാത്രമായി മാറ്റി വെയ്ക്കുകയും ചെയ്ത പ്രത്യേക കൃപകളും കൃപാവരങ്ങളും ഉണ്ടെന്നാണ് വ്യാഖ്യാനമെങ്കിൽ ദൈവവചനം ഇത്തരത്തിലൊരു വ്യാഖ്യാനത്തിന് ഇടം നൽകുന്നില്ല എന്ന് മനസ്സിലാക്കുക.

എന്തെങ്കിലും ഒരു അനുഭവം ഉണ്ടാകുമ്പോൾ ബൈബിളിലെ വാക്യങ്ങൾ ദുർവ്യാഖ്യാനം ചെയ്ത് ഇത്തരം അനുഭവങ്ങൾക്ക് ആധാരം സൃഷ്ടിക്കുകയല്ല, മറിച്ച് ദൈവ വചനത്തിൽ ആധാരമില്ലാത്തവ തള്ളിക്കളയുകയാണ് വേണ്ടത്. ഊതിവീഴ്ത്തും ഉന്തിവീഴ്ത്തും വിശുദ്ധ ചിരിയും വിശുദ്ധ കുരയും ഛർദ്ദിപ്പിക്കൽ ശുശ്രൂഷയും മറ്റും ദൈവവചനത്തിൽ ആധാരമില്ലാത്തവയാണ്. അതുകൊണ്ട് അവ ദൈവീകമല്ല. യേശുക്രിസ്തു ചെയ്തതിലും അധികം കാര്യങ്ങൾ ദൈവദാസൻമാർ ചെയ്യും. പക്ഷേ ദൈവവചനത്തിൽ ആധാരമില്ലാത്തതൊന്നും ചെയ്യുകയില്ല.

# ജെ.സി. ദേവ് വെട്ടിലായി

ഉണർവ്വിനെക്കുറിച്ച് ഗുഡ്ന്യൂസ് വീക്കിലിയിൽ ലേഖനമെഴുതി ജെ.സി.ദേവ് പുലിവാല് പിടിച്ചു. ബ്രദറുകാർ പണ്ട് അന്യ ഭാഷ ഫറഞ്ഞിരുന്നു എന്ന് എഴുതിയതാണ് ദേവിന് വിനയായത്.

ഈ ഭൂമിമലയാളത്തിൽ ഉണ്ടായിട്ടുള്ള ഭൂരിപക്ഷം ഉണർവ്വുകളും ബ്രദറുകാരാണ് ഉണ്ടാക്കിയത് എന്നത്രേ ദേവ് പറയുന്നത്. ഇത്രയൊക്കെ ഉണർവ്വുണ്ടാകുമ്പോൾ എന്തെങ്കിലും അത്ഭുത സംഭവങ്ങൾ ഉണ്ടാകുക സ്വാഭാവികം. അതേപ്പറ്റി വിവരിക്കുമ്പോഴാണ് ബ്രദറുകാർ അന്യ ഭാഷ പറഞ്ഞ കഥ ദേവ് പറയുന്നത്.

പെന്തക്കോസ്തുകാരുടെ ഇടയിൽ പെന്തക്കോസ്തുകാരനായും ബ്രദറുകാരുടെ ഇടയിൽ ബ്രദറുകാരനായും ഭാവിച്ച് അഷ്ടിക്കുള്ള വക ഉണ്ടാക്കുന്ന വിരുതനാണ് ദേവ്. പത്താം ക്ലാസ്സും ഗുസ്തിയുമാണ് വിദ്യാഭ്യാസമെങ്കിലും അത്യുഗ്രൻ പണ്ഡിതനായി ഭാവിച്ചു നടക്കുന്നതിൽ ദേവ് ആനന്ദം കണ്ടെത്തുന്നു. ഇത്തരം കപട പാണ്ഡിത്യപ്രകടനങ്ങളിലൂടെ നേടിയെടുത്ത പെരുമകൊണ്ടാണ് ദേവ് നിലനിൽക്കുന്നതുതന്നെ.

മൂന്നു പതിറ്റാണ്ടു മുൻപ് ദേവ് പെന്തക്കോസ്തുകാരനായിരുന്നു. അന്ന് ദേവ് അന്യഭാഷ പറഞ്ഞിട്ടുമുണ്ട്. ആ അന്യഭാഷ ഏത് ആത്മാവിലാണ് പറഞ്ഞത് എന്ന് ചോദിച്ചിട്ട് ദേവ് മറുപടി പറഞ്ഞിട്ടില്ല. ദൈവാത്മാവായിരുന്നു എന്നു പറഞ്ഞാൽ ബ്രദറുകാർ പിണങ്ങും. ദുരാത്മാവായിരുന്നു എന്നു പറഞ്ഞാൽ ദേവ് കുഴയും. മറ്റെന്തെങ്കിലും മറുപടി പറഞ്ഞാലും രക്ഷയില്ല. അതുകൊണ്ട് ഈ ചോദ്യത്തിന് മറുപടി പറയാതെ ഒഴിഞ്ഞു മാറുകയാണ് ദേവ് സാധാരണയായി ചെയ്യുക.

പക്ഷേ ഇത്തവണ ദേവ് കുഴയും എന്നു തീർച്ച. ഗുഡ്ന്യൂസ് വീക്കിലിയിൽ വരുന്ന ലേഖനങ്ങൾ മിക്കവരും വായിക്കാറില്ലാത്തതുകൊണ്ട് ദേവ് അന്യ ഭാഷയ്ക്ക് അനുകൂലമായി എഴുതിയ കാര്യം ഏറെയാരും അറിയാതിരിക്കയായിരുന്നു. അതിനിടയിലാണ് അച്ചൻകുഞ്ഞ് ഇലന്തൂർ ഈ കഥ വിളിച്ചു പറഞ്ഞത്. മരുപ്പച്ച വായിക്കുന്ന നിരവധി ബ്രദറുകാരുണ്ട്. അവർ ദേവിന്റെ ലേഖനം ഗൗരവത്തിൽ എടുത്തിട്ടുണ്ട്. ദേവിനോട് അവരിൽ ചിലർ വിശദീകരണം ചോദിച്ചിതായും കേട്ടു. ഏതായാലും ദേവ് ഈ പ്രശ്നത്തിൽ ശരിക്കും പുലിവാലു പിടിച്ചുകഴിഞ്ഞു.

(ടി.എസ്.ബാലൻ അച്ചൻകുഞ്ഞിനെക്കൊണ്ട് ഇത് എഴുതിച്ചതാണെന്ന് ദേവ് ഉൾപ്പെടെ ആരും തെറ്റിദ്ധരിക്കരുതെന്ന് അപേക്ഷ. ഗുഡ്ന്യൂസിൽ ദേവ് എഴുതുന്നത് ശ്രദ്ധയിൽ പെട്ടിരുന്നെങ്കിലും ആ ചവറ് ഞാൻ വായിച്ചിരുന്നില്ല. അതുകൊണ്ട് ദേവ് എന്താണ് എഴുതിയതെന്ന് ഞാൻ അറിഞ്ഞിരുന്നുമില്ല. അച്ചൻകുഞ്ഞ് എഴുതിയത് സ്വന്ത ഇഷ്ടപ്രകാരമാണ്).

## ബ്രദറുകാർക്ക് മറുപടിയുണ്ടോ?

ബ്രദറൺ ഉണർവ്വുകളിൽ അന്യഭാഷയുണ്ടായി എന്ന് ദേവ് പറയുന്നതിനെ സംബന്ധിച്ച് ബ്രദറുകാർക്ക് എന്താണ് പറയാനുള്ളത് എന്ന് അറിയാൻ ഡിഫെൻഡറിന് ആഗ്രഹമുണ്ട്. ദേവ് പറയുന്നത് സത്യമാണോ എന്നാണ് പ്രധാനമായും അറിയേണ്ടത്.

ദേവ് പറയുന്നത് സത്യമാണെങ്കിൽ അന്യഭാഷയും മറ്റും നിന്നുപോയി എന്ന് ബ്രദറുകാർ പറയുന്നത് ശരിയല്ല എന്ന് തെളിയും. അതല്ലെങ്കിൽ ബ്രദറൺ ഉണർവ്വുകളിൽ ഭൂതബാധയുണ്ടായെന്നെങ്കിലും സമ്മതിക്കേണ്ടതായിവരും. ദേവ് പറയുന്നത് കള്ളമാണെങ്കിൽ ദേവിനെതിരെ ബ്രദറുകാർ നടപടി എടുക്കണം. രണ്ടിലൊന്ന് ചെയ്യാൻ ബ്രദറുകാർ ധൈര്യം കാണിക്കണം.

ദേവിനെതിരെ ബ്രദറുകാർ ഒരു ചുക്കും ചെയ്യുകയില്ല എന്ന് ഡിഫെൻഡറിനറിയാം. ദേവിനെ തൊടാനുള്ള ധൈര്യം ഒരു ബ്രദറുകാരനുമില്ല. ദേവ് പ്രജാപതിയെ ചുമന്നുകൊണ്ടു നടന്ന കാലത്ത് ബ്രദറുകാർക്കെന്നല്ല ബൈബിളിൽ വിശ്വസിക്കുന്ന ആർക്കും അംഗീകരിക്കാൻ ആവാത്ത കടുത്ത ദുരുപദേശങ്ങൾ പ്രചരിപ്പിച്ചിരുന്നു. ഒരു ദൈവമുണ്ടെന്നു വിശ്വസിക്കുന്ന ഏവരും രക്ഷിക്കപ്പെടും എന്ന് പ്രചരിപ്പിച്ചിരുന്ന കോശി ഏബ്രഹാമിന്റെ വലംകൈ ആയിരുന്നു ദേവ്. വേദങ്ങൾ ദൈവാത്മാവിലെഴുതിയതാണെന്ന് പ്രചരിക്കാൻ കോശി ഏബ്രഹാം എഴുതിയ പുസ്തകങ്ങൾക്ക് ദേവ് അനുമോദനവും അവതാരികയും മറ്റും എഴുതിയിട്ടും ഒരു ബ്രദറുകാരനും മിണ്ടിയില്ല. ഇപ്പോഴിതാ ദേവ് സകല അതിരും ഭേദിച്ചിരിക്കുന്നു. ബ്രദറുകാർ പണ്ട് അന്യ ഭാഷ പറഞ്ഞിരുന്നെന്നും പിന്നീട് അവർ അതിനെതിരായ നിലപാട് സ്വീകരിക്കയുമാണ് ചെയ്തതെന്നും ദേവ് പറയുന്നു. ഇത്തവണയും ബ്രദറുകാർ മിണ്ടുമെന്ന് തോന്നുന്നില്ല.



## സിനിമാജോണിനെ അറിയാമോ?

സിനിമാജോൺ എന്ന വ്യക്തിയേപ്പറ്റി കേട്ടിട്ടുണ്ടോ? ഇല്ലെങ്കിൽ കേൾക്കും. കാരണം ഈ ചങ്ങാതി കുപ്രസിദ്ധനാകാൻ പോകയാണ്.

കെ.സി.ജോൺ എന്ന മഹാന് തിരുവല്ലയിൽ ഉള്ള ജനം ചാർത്തിക്കൊടുത്തിരിക്കുന്ന പുതിയ പേരാണ് സിനിമാ ജോൺ എന്നത്. ചവർ ചാനൽ തുടങ്ങിയതോടെയാണ് ജനം കെ.സി. ജോണിന് പുതിയ പേരു നൽകി അനുഗ്രഹിച്ചിരിക്കുന്നത്.

അനശ്വരത്ഥമായ പേരിടുന്ന കാര്യത്തിൽ പൊതുജനത്തിനുള്ള കഴിവ് അദ്വിതീയമാണെന്ന് ഒരിക്കൽക്കൂടി ഇതാ തെളിയുന്നു.

## സുരേഷിന് പ്രോഗ്രാമില്ല

സുരേഷ് ബാബുവിനെതിരെ ഡിഫെൻഡർ ഇത്രക്കാലം എഴുതിയിട്ട് എന്തു ഫലമുണ്ടായി എന്നു ചോദിക്കുന്നവർ നിരവധിയാണ്. അങ്ങനെയുള്ളവർ ഈ കൺവെൻഷൻ സീസണിൽ സുരേഷിന് എത്ര പ്രോഗ്രാം കിട്ടി എന്ന് അന്വേഷിക്കുക.

പത്തു വർഷം മുൻപ് എന്തായിരുന്നു സ്ഥിതി. ഇംഗ്ലീഷ് ഡേറ്റ് കൊടുത്തു തീർന്ന് മലയാളം ഡേറ്റ് കൊടുക്കുന്ന സ്ഥിതിയായിരുന്നു. മൂന്നു ദിവസമെങ്കിലും തുടർച്ചയായി പ്രോഗ്രാം കിട്ടുകയും ചെയ്തിരുന്നു. മാത്രമല്ല ഡിസ്ട്രിക്റ്റ് കൺവെൻഷൻ, സെൻട്രൽ കൺവെൻഷൻ തുടങ്ങിയവയിലായിരുന്നു പ്രോഗ്രാമുകളിൽ അധികവും.

പക്ഷേ, ഇന്ന് എന്താണ് സ്ഥിതി? ഡിസ്ട്രിക്റ്റ് കൺവെൻഷൻ, സെൻട്രൽ കൺവെൻഷൻ തുടങ്ങിയവ ഇല്ലേയില്ല. ചെറുകിട കൺവെൻഷനുകളിൽ ഒന്നോ രണ്ടോ ദിവസം പ്രോഗ്രാം കിട്ടും. ആഴ്ചയിൽ ഒന്നോ രണ്ടോ എന്നും മാത്രം. ജനക്കൂട്ടവും പഴയതുപോലെയില്ല. ഡിഫെൻഡറിന്റെ എഴുത്ത് ഫലം ചെയ്യുന്നുണ്ട് എന്നു ചുരുക്കം.

# റോസമ്മയ്ക്ക് മറുപടിയില്ല

കഴിഞ്ഞ ലക്കം ഡിഫെൻഡർ പുറത്തു വന്നതിനു ശേഷം ആർ.റ്റി.ഒ. റോസമ്മ പ്രതികരിച്ചിട്ടില്ല. തെറി പറഞ്ഞ് ബാലനെ ഒതുക്കാനാവില്ല എന്ന് ബോദ്ധ്യമായതുകൊണ്ടാണ് ഈ മൗനം എന്ന് കരുതാം.

റോസമ്മയുടെ ഭർത്താവാണ് സെന്റർ പാസ്റ്ററെങ്കിലും റോസമ്മയാണ് ഭരണം നടത്തുന്നത്. സെന്ററിലുള്ള പാസ്റ്റർമാരെ തെറിവിളിച്ച് ചൊല്പടിയിൽ നിർത്തുന്നതുപോലെ ബാലനേയും ഒതുക്കാമെന്നു കരുതിയാണ് റോസമ്മ പൂരപ്പാട്ട് പാടിയത്. പക്ഷേ ആ തന്ത്രം പാളിപ്പോയി. മാത്രമല്ല, വെളുക്കാൻ തേച്ചത് പാണ്ടായി എന്നു പറഞ്ഞതു പോലുള്ള അനുഭവമുണ്ടാകുകയും ചെയ്തു.

ഇതിനിടെ റോസമ്മയ്ക്ക് പ്രമോഷൻ കിട്ടി. കൊല്ലം ആർ.റ്റി.ഒ. ആയിരുന്ന റോസമ്മ ഇപ്പോൾ എറണാകുളം ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറാണ്. കോട്ടയം, ഇടുക്കി, എറണാകുളം എന്നീ ജില്ലകളുടെ അധിപയാണ് റോസമ്മ. ദൈവം അനുഗ്രഹിച്ചതാണെന്നൊക്കെ പറയാൻ വരട്ടെ. കാരണം, ഈ പ്രമോഷൻ റോസമ്മയ്ക്ക് ഗുണത്തേക്കാൾ ഏറെ ദോഷമാണ് ഉണ്ടാക്കുക എന്ന് റോസമ്മയ്ക്കുതന്നെ അറിയാം. മൂന്നു കൊല്ലം മുൻപ് ഈ പ്രമോഷൻ റോസമ്മയ്ക്ക് കിട്ടേണ്ടതായിരുന്നു. എന്നിട്ടും അത് വേണ്ട എന്ന് റോസമ്മ എഴുതി കൊടുക്കുകയായിരുന്നു. എന്തുകൊണ്ട്? പറയാം.

ആർ.റ്റി.ഒ.യ്ക്ക് കൈക്കൂലി വാങ്ങാൻ അനന്തമായ സാദ്ധ്യതകളാണുള്ളത്. ആ സാദ്ധ്യതകൾ പരമാവധി ഉപയോഗിച്ച് റോസമ്മ മൃഷ്ടാന്നമായി കൈക്കൂലി വാങ്ങി കോടീശ്വരിയായി മാറി ക്കഴിഞ്ഞു. എന്നാൽ ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർക്ക് കൈക്കൂലി വാങ്ങാനുള്ള അവസരം വളരെ കുറവാണ്. അതുകൊണ്ടാണ് കഴിഞ്ഞ മൂന്നു വർഷമായി റോസമ്മ പ്രമോഷൻ സ്വീകരിക്കാതിരുന്നത്.

# മത്തായിക്കുട്ടിക്കെതിരെ നടപടി എടുക്കണം

ഇടുക്കി ജില്ലയിലുള്ള ഒരു സഭയിൽ ചെന്ന് സോദോമ്യ കലാപരിപാടി നടത്തിയ മത്തായിക്കുട്ടിക്കെതിരെ നടപടി എടുക്കാൻ സഭാനേതൃത്വം തയ്യാറാകണം. (ഈ സംഭവത്തേക്കുറിച്ച് കഴിഞ്ഞ ലക്കം ഡിഫെൻഡിൽ എഴുതിയിരുന്നു).

ആളാരാണെന്ന് പിടി കിട്ടിയില്ലെങ്കിൽ പറയാം. കക്ഷി തിരുവല്ലാക്കാരനാണ്. ഉയരം കുറവ്. മാന്യമായ പെരുമാറ്റം. പ്രവാചകനാണ്. ഉഗ്രമായി പ്രസംഗിക്കയും ചെയ്യും. ഈ ചങ്ങാതി ഇങ്ങനെയൊക്കെ കാട്ടിക്കൂട്ടുമെന്ന് ആർക്കും തോന്നുകയുമില്ല. പക്ഷേ പറഞ്ഞിട്ട് കാര്യമില്ല. നടക്കാനുള്ളത് നടന്നു. അതുകൊണ്ട് നടപടി എടുത്തേ മതിയാകൂ.

(അടുത്ത ലക്കം ഡിഫെൻഡർ പുറത്തിറങ്ങുന്നതിനു മുൻപായി നടപടി ഉണ്ടായില്ലെങ്കിൽ മത്തായിക്കുട്ടിയേക്കുറിച്ച് കൂടുതൽ വിവരങ്ങൾ വെളിപ്പെടുത്തുന്നതാണ്).



# നാഗാലാന്റ് സ്മരണകൾ

1985 നവംബർ അവസാന ആഴ്ച വാർഷികപ്പരീക്ഷ നടത്തി. ഡിസംബർ ആദ്യയാഴ്ച ആയപ്പോഴേയ്ക്കും റിസൾട്ടും ഉണ്ടാക്കി. ഇനിയുള്ള രണ്ടുമാസം വിശ്രമത്തിനുള്ള കാലമാണ്. ഫെബ്രുവരി ആദ്യയാഴ്ചയിൽ അഡ്മിഷൻ ആരംഭിക്കും. അതുവരെ കാര്യമായൊന്നും ചെയ്യാനില്ല.

എന്നാൽ കുഴഞ്ഞു മറിഞ്ഞൊരു പ്രശ്നം ഞങ്ങളുടെ മുൻപിലുണ്ട്. വേണ്ടത്ര വാഹന സൗകര്യമോ ആശുപത്രിയോ മരുന്നോ ഒന്നും ഇല്ലാത്ത ദേശത്താണ് ഞങ്ങൾ ആയിരിക്കുന്നത്. നാഗാസ്ത്രീകൾക്ക് പ്രസവമെന്നത് ഒരു നേരംപോക്കായിരിക്കാം. പക്ഷേ അതല്ലല്ലോ ഞങ്ങളുടെ അവസ്ഥ. അമ്മ കൂടെയുള്ളതു മാത്രമാണ് ഏക അശ്വാസം.

ഡിസംബർ 10-ാം തീയതി ഉച്ചയായപ്പോഴേയ്ക്കും പ്രസവവേദനയാരംഭിച്ചു. പ്രസവസംബന്ധമായ വിഷയങ്ങളിൽ അനേകവർഷത്തെ പരിചയമുള്ള രണ്ടുമൂന്നു വയസ്സികളെ ഉടൻ വിവരം അറിയിച്ചു. അവർ എന്തിനും തയ്യാറായി എത്തി. കടുകെണ്ണയെടുത്തു തയ്യാറാക്കിവെച്ചു. കുട്ടിയുടെ പൊക്കിൾ മുറിക്കുവാൻ ഈറ്റയുടെ പുറംപൊളിയുമെടുത്തു. തയ്യാറെടുപ്പെല്ലാം കണ്ടപ്പോൾ കാര്യം ഉടൻ കഴിയുമെന്ന് എനിക്കും തോന്നി. താമസിയാതെ അവരെല്ലാം കൂടി എന്റെ ഭാര്യയെ എണ്ണ തേച്ചു തിരുമ്മാനാരംഭിച്ചു. സഹായത്തിന് എന്നേയും വിളിച്ചെങ്കിലും ഞാൻ പോയില്ല. കേരളത്തിൽ പ്രസവമെന്നത് സ്ത്രീകളുടെ കുത്തകയായതിനാൽ പുരുഷന്മാരെ ആ പ്രദേശങ്ങളിൽ വരാൻപോലും അനുവദിക്കാറില്ലല്ലോ. നാഗാലാന്റിലും പ്രസവം സ്ത്രീകളാണ് നടത്തുന്നതെങ്കിലും സഹായത്തിനു പുരുഷന്മാരെ വിളിക്കും. ഭർത്താവ് ഒരു കസേരയിൽ ഇരുന്ന് നിലത്തിരിയ്ക്കുന്ന ഭാര്യയെ താങ്ങി സഹായിക്കണമെന്നതാണ് നടപടിക്രമം. പക്ഷെ എനിക്ക് ഇതിനൊന്നുമുള്ള തന്റേടമുണ്ടായില്ല. അതുകൊണ്ട് വേണ്ടതെല്ലാം ചെയ്യാൻ അമ്മയെ ചുമതലപ്പെടുത്തി.

സമയമങ്ങനെ കടന്നു പൊയ്ക്കൊണ്ടിരുന്നു. എന്നാൽ പ്രസവം നടന്നില്ല. ഗവൺമെന്റ് ആശുപത്രിയിൽ ചെന്ന് ഒരു നേഴ്സിനെ കൂട്ടിക്കൊണ്ടുവരുന്നതു നല്ലതാണെന്ന അഭിപ്രായമുണ്ടായി. അങ്ങനെ ഞാൻ പുറപ്പെട്ടു. സമയം രാത്രി പത്തുമണി.



നാഗാലാന്റിലെ സ്ക്കൂൾ കുട്ടികൾ

ആ പ്രദേശത്തുള്ള ഏക സർക്കാർ ആശുപത്രി സാനീസിൽനിന്നും രണ്ടു കിലോമീറ്റർ ദൂരത്തിലാണ്. ഒരു ഡോക്ടർ, നാലഞ്ചു നേഴ്സുമാർ, മറ്റുചില ജോലിക്കാർ തുടങ്ങിയവരെല്ലാം ഉണ്ട്. പക്ഷേ മരുന്ന് ആശുപത്രിയിലെന്നല്ല ആ പ്രദേശങ്ങളിലെങ്ങുംതന്നെയില്ല. ദിവസവും ആശുപത്രിയിലെത്തുന്ന പത്തോ പതിനഞ്ചോ രോഗികളെ പരിശോധിച്ച് മരുന്നു കുറിച്ചു കൊടുക്കുന്നതോടെ ഡോക്ടറുടെ പണികഴിഞ്ഞു. ബാക്കിയുള്ള സമയം ചീട്ടുകളി, മദ്യപാനം തുടങ്ങിയ 'നല്ല'കാര്യങ്ങൾക്കുള്ളതാണ്. അത്യാസന്നനിലയിൽ കിടക്കുന്ന രോഗിയെപ്പോലും വീട്ടിൽച്ചെന്നു ചികിത്സിക്കയില്ല എന്നത് ജീവിതവ്യതമായി എടുത്ത മഹാനാണ് ഡോക്ടർ. കാര്യങ്ങൾ ഇങ്ങനെയൊക്കെയാണെങ്കിലും ഡോക്ടറെക്കാണാതെ നിവൃത്തിയില്ലാത്ത അവസ്ഥയിലാണ് ഞാൻ. ഡോക്ടറുടെ അനുവാദമില്ലാതെ നെഴ്സ് വരികയില്ല.

ജനസേവനം കഴിഞ്ഞ് തളർന്നുറങ്ങുകയായിരുന്നു ഡോക്ടർ. ഞങ്ങൾ വിളിച്ചുണർത്തി കാര്യം പറഞ്ഞു. തനിക്കുവരാൻ സാധിക്കയില്ലെങ്കിലും ഏതെങ്കിലും നെഴ്സ് വരാൻ തയ്യാറാകുന്ന പക്ഷം അനുവദിക്കാമെന്നേറ്റു. പല നെഴ്സുകളേയും കണ്ടു എങ്കിലും എല്ലാവർക്കും ഒരോ പ്രശ്നങ്ങൾ. അവസാനം ഒരാൾ തയ്യാറായി. ഡോക്ടറെ വിവരമറിയിച്ച് അനുവാദവും വാങ്ങി. പക്ഷെ ഒരു പ്രശ്നം "പേറെടുക്കാൻ വന്നവൾ ഇരട്ട പെറ്റു" എന്ന ചൊല്ല് അക്ഷരാർത്ഥത്തിൽ ഫലിക്കുമോയെന്നൊരു ഭയം. നെഴ്സ് ഗർഭിണിയാണ്. വെറും ഗർഭമൊന്നുമല്ല, ഒരു 12 മാസമായമട്ടുണ്ട്. മറ്റു പോംവഴിയൊന്നുമില്ലാത്ത തുകൊണ്ട് അവരേയുംകൂട്ടി തിരിച്ചെത്തി.

നെഴ്സ് എന്റെ ഭാര്യയെ ആകെക്കൂടിയൊന്നു പരിശോധിച്ചു. നേരം വെളുത്തിട്ടേ പ്രസവിക്കൂ എന്നു വിധിയും പ്രഖ്യാപിച്ചു. അങ്ങനെ ആ രാത്രി കഴിഞ്ഞു.

പ്രഭാതത്തിൽത്തന്നെ ചില മരുന്നുകളൊക്കെ കുത്തിവെച്ചു. ഉടൻ പ്രസവം നടക്കുമെന്നുതന്നെ എല്ലാവരും കരുതി. പക്ഷെ ഒന്നും നടന്നില്ല. കലശലായ വേദനയുണ്ട്. കുട്ടി ഉള്ളിൽക്കിടന്നു ബഹളം വയ്ക്കുന്നുമുണ്ട്. പക്ഷെ പ്രസവം മാത്രം നടക്കുന്നില്ല.

പകൽ കഴിയാറായി. നെഴ്സും മടുത്തു കഴിഞ്ഞു. ഇപ്പോൾ വേദനയുമില്ല. കുട്ടിയുടെ അനക്കവുമില്ല. എന്തു ചെയ്യും! പ്രസവവേദന തുടങ്ങിയിട്ട് 30 മണിക്കൂറിലധികമായി. ഇപ്പോഴിതാ കുട്ടിയുടെ ചലനവും നിലച്ചിരിക്കുന്നു. ദൈവമല്ലാതെയാരും സഹായിക്കാനില്ലാത്ത അവസ്ഥ. അമ്മ ഒരിടത്തു തളർന്നിരിക്കയാണ്. മറ്റു സ്ത്രീകളും ഒന്നും പറയുന്നില്ല. കുട്ടി മരിച്ചിരിക്കുന്നു എന്ന് ഞാൻ ഉറപ്പിച്ചു. തള്ളയെയെങ്കിലും ജീവനോടെ കിട്ടിയാൽ മതി. എന്റെ ചെറുപ്പകാലത്തുതന്നെ അച്ഛൻ മരിച്ചുപോയതുകൊണ്ട് ഒരു പിതാവിന്റെ സ്നേഹമെന്തെന്നറിയാതെയാണ് ഞാൻ വളർന്നത്. എന്റെ കുട്ടികൾ അമ്മയുടെ സ്നേഹമറിയാതെ വളരേണ്ടതായി വരുമോ? ഉള്ളിൽ മരിച്ചു കിടന്ന ശിശുവിനെ സ്വാഭാവികമായി പ്രസവിക്കുവാൻ കഴിയുമോ? ഓപ്പറേഷൻ ആവിശ്യമെങ്കിൽ എവിടെപ്പോകും? അടുത്തെങ്ങും അതിനു സൗകര്യമുള്ള ആശുപത്രിയില്ല. മാത്രമല്ല, അതിനു പണമെവിടെ? വാഹനമെവിടെ?

എന്തു ചെയ്യേണമെന്നറിയാതെ ഞാൻ പുറത്തിറങ്ങി. എന്റെ കുട്ടികൾ രണ്ടുപേരും മുറ്റത്തിരുന്നു കരയുന്നു. അവർ ഒരു പാട്ട് പാടുന്നുമുണ്ട്.

"മനമേ തെല്ലും കലങ്ങേണ്ട
യേശു സകലവുമറിയുന്നു."

എന്റെ ഹൃദയത്തോടു ദൈവം സംസാരിക്കുന്നതുപോലെ തോന്നി. യേശു സകലവുമറിയുന്നു. യേശു അറിയാതെ ഒരു മുടിപോലും പൊഴിയുകയില്ല. ആകയാൽ ദുഃഖിക്കേണ്ട. ഹൃദയം തുറന്നു പ്രാർത്ഥിക്കണം അതിനാവിശ്യം ഏകാന്തതയാണ്. ഒരു വഴി കണ്ടുപിടിച്ചു. ഡോക്ടറെ വിളിക്കാൻ പോകയാണെന്ന് അമ്മയോടു പറഞ്ഞിട്ട് വീടുവിട്ടിറങ്ങി. ഡോക്ടർ വരികയില്ലെന്നുറപ്പാണ്. എന്നാലും രണ്ടു കിലോമീറ്റർ അങ്ങോട്ടും രണ്ടു കിലോമീറ്റർ തിരികെയും നടക്കാമല്ലോ. വഴിയിൽ അധികമാരും ഉണ്ടാകില്ല. ഇരുവശവും വനമാകയാൽ ഹൃദയം തുറന്നു പ്രാർത്ഥിക്കുന്നതിന് തടസ്സമൊന്നും ഉണ്ടാകില്ല.

ആദ്യമായി ഞാൻ എന്റെ ജീവിതത്തെ പരിശോധിച്ചു. പുതിയ തീരുമാനങ്ങളും മറ്റും എടുത്തു. എന്റെ കുട്ടികൾ മാതാവില്ലാത്തവരാകാൻ ഇടയാകരുതേയെന്ന് കണ്ണീരോടെ പ്രാർത്ഥിച്ചു. കുട്ടിയെ ജീവനോടെ ലഭിക്കാനിടയായാൽ അവളെ ദൈവത്തിനു സമർപ്പിക്കാമെന്നും തീരുമാനിച്ചു. (കുട്ടി പെണ്ണായിരിക്കുമെന്ന് എനിക്ക് നിശ്ചയമുണ്ടായിരുന്നു). ഇങ്ങനെയൊക്കെ പ്രാർത്ഥിച്ചുകൊണ്ട് ഡോക്ടറുടെ വീട്ടിലെത്തി.

ക്യാരംസ് കളിക്കയാണ് മാന്യദേഹം. ഞാൻ എല്ലാം വിവരിച്ചു. സഹായിക്കണമെന്നു കേണപേക്ഷിച്ചു. പക്ഷേ 'കേളൻ' കുലുങ്ങിയില്ല. പ്രശ്നം നിസ്സാരമട്ടിൽ തള്ളിക്കളഞ്ഞിട്ട് അയാൾ കളി തുടർന്നു. ഒറ്റയടിക്ക് അയാളെ കൊല്ലുവാൻ തക്ക കോപം എനിക്കുണ്ടായെങ്കിലും നിയന്ത്രിച്ചു. അധികമൊന്നും പറയാതെ ഞാൻ മടങ്ങി.

മടക്കയാത്രയിലും ഞാൻ പ്രാർത്ഥിച്ചു. എല്ലാം ദൈവഹിതത്തിനായി വിട്ടു. വീടിനടുത്തെത്തിയപ്പോഴേയ്ക്കും എനിക്കു സമാധാനമായി. ചില സ്ത്രീകളുടെ സംഭാഷണങ്ങളിൽനിന്നും എനിക്കൊരു പെൺകുഞ്ഞുണ്ടായിരിക്കുന്നു എന്നും തള്ളയും കുട്ടിയും സുഖമായിരിക്കുന്നു എന്നും മനസ്സിലായി. എന്റെ ഹൃദയത്തിന്റെ ആഴത്തിൽ നിന്നും ഞാൻ ദൈവത്തിനു നന്ദി പറഞ്ഞു. "God maynot be early, but He will never be too late" എന്ന ചൊല്ല് അർത്ഥവത്താണെന്നു ഞാൻ അനുഭവത്തിലൂടെ അറിഞ്ഞു.

ലോത്താക്കാരുടെ ചട്ടമനുസ്സരിച്ച് അഞ്ചാംനാൾ കുട്ടിക്ക് 'അനിത' എന്നു പേരിട്ടു. ഗ്രാമക്കാർ അവൾക്ക് 'ചാമ്പേനി' എന്നുംപേരിട്ടു. (ആൺകുട്ടികൾക്ക് ആറാം നാളിലാണ് പേരിടുന്നത്). കേരളാ മോഡലിലുള്ള പ്രസവ ശുശ്രൂഷകളൊന്നും ഉണ്ടായില്ല. എല്ലാം നാഗാ സ്റ്റൈലിൽത്തന്നെയാക്കി. കുറേ കോഴികളെ വാങ്ങിച്ചു. ഉപ്പു മാത്രമിട്ട് വേവിച്ച കോഴിയിറച്ചിയും ചോറും വേണ്ടുവോളം കൊടുത്തു. നാഗന്മാരുടെ രീതിയിതാണ്. പ്രസവിച്ച സ്ത്രീകൾക്ക് ഇറച്ചിയും മറ്റും കൊടുക്കരുതെന്നു പറയുന്നതിലർത്ഥമില്ല എന്നതിന്റെ ജീവിക്കുന്ന തെളിവാണ് നാഗാസ്ത്രീകൾ. ഞങ്ങളുടെ സാമ്പത്തിക നില അനുവദിച്ചിടത്തോളം കോഴികളെ എന്റെ ഭാര്യ തിന്നു.

അമ്മ ഇവിടൊക്കെനിന്നോ സംഘടിപ്പിച്ചുകൊണ്ടുവന്ന ഇലകൾ ഇട്ട് വെള്ളം വെന്ത് കുളിപ്പിക്കലും മുറയ്ക്കു നടത്തി. കൊടുംതണുപ്പായിരുന്നതിനാൽ നിരന്തരമായുള്ള ഈ കുളി അത്ര സുഖകരമായിരുന്നു എന്നു തോന്നുന്നില്ല. കൂടാതെ മറ്റൊരു കഴുപ്പവുമുണ്ടായി. ദേഹമാകെ ചൊറിഞ്ഞു നീരുവെച്ചു. കാരണമെന്തെന്ന് ഇന്നും അറിഞ്ഞുകൂടാ. ഇലയിട്ടുവെന്ത വെള്ളത്തിലെ കുളി അവസാനിപ്പിച്ചതോടെ നീരും കുറഞ്ഞു. ചാരിന്റെ വർഗ്ഗത്തിൽപ്പെട്ട ഏതെങ്കിലും മരത്തിന്റെ ഇലകൂടി അബദ്ധവശാൽ അമ്മ കൊണ്ടുവന്നിരിക്കുമോയെന്ന് വ്യക്തമല്ല. ഏതായാലും ചില ദിവസങ്ങൾ ഇക്കാരണത്താലും മന:പ്രയാസപ്പെടുവാൻ ഇടയായി എന്നു പറഞ്ഞാൽ മതിയല്ലോ.

അക്കൊല്ലത്തെ ക്രിസ്തുമസ്സ് ഞങ്ങളെ സംബന്ധിച്ച് ഒരു പുതുമയായിരുന്നു. ഞാൻ ആദ്യമായാണ് ക്രിസ്തുമസ്സ് കാലത്ത് നാഗാലാന്റിലായിരിക്കുന്നത്. രണ്ടാഴ്ചക്കാലത്തോളം ശരിയ്ക്കും ഒരു ഉത്സവം തന്നെയായിരുന്നു. ക്രിസ്തുമസ്സിന് അനേകം കാളകളേയും പന്നികളേയും കശാപ്പു ചെയ്തു. ഞങ്ങൾക്കു തിന്നുതീർക്കാവുന്നതിലധികം ഇറച്ചി കിട്ടി. കുറെയൊക്കെ ഉണക്കി സൂക്ഷിച്ചു. കുറച്ചധികം വെറുതെ കളഞ്ഞു.

(പേജ് - 7)

നിങ്ങൾക്കും ഒരു വെബ്സൈറ്റ്
വെറും 1500 രൂപയ്ക്ക്
No Hidden Costs
വിളിക്കൂ: 94474 14608

# കോടികൾ വരുന്ന വഴി

ഒരു ദിവസം നിങ്ങൾക്ക് ഒരു കത്ത് കിട്ടുന്നു. അത് ഈ മെയിലാകാം. ഫാക്സ് ആകാം. പോസ്റ്റിൽ എത്തിയെന്നും വരാം. ഉള്ളടക്കം ഏറെക്കുറെ ഇങ്ങനെ ആകാം:

കത്തയയ്ക്കുന്ന വ്യക്തിയുടെ കൈവശം അഞ്ഞൂറു കോടിയോ ആയിരം കോടിയോ രൂപ ഉണ്ട്. അത് നിങ്ങളെ ഏല്പിക്കാൻ തീരുമാനിച്ചിരിക്കയാണ്. നിങ്ങൾ ദൈവദാസനാണെന്ന് അവർക്ക് അറിയാം. അതുകൊണ്ടാണ് പണം തരുന്നത്. നിങ്ങൾക്ക് ഇഷ്ടമുള്ള വിധത്തിൽ ഈ പണം വിനിയോഗിക്കാം.

നിങ്ങൾക്ക് വലിയൊരു തുക ലോട്ടറിയടിച്ചു എന്ന് അറിയിച്ചുകൊണ്ട് കത്ത് ലഭിച്ചെന്നു വരാം. വിശ്വാസ്യമെന്ന് പ്രത്യക്ഷത്തിൽ തോന്നുന്ന വിധത്തിലുള്ള അഡ്രസ്സും ഫോൺ നമ്പറും മറ്റും ഉണ്ടാകും.

നിങ്ങളുമായി ചേർന്ന് പങ്കുകച്ചവടം നടത്താൻ ആഗ്രഹിക്കുന്നു എന്ന് പറയുന്ന കത്തും ലഭിച്ചേക്കാം. ഇന്ത്യയിൽ കുടിയേറി പാർക്കാൻ താല്പര്യം പ്രകടിപ്പിച്ചോ ഇന്ത്യയിൽ വിദ്യാഭ്യാസം ചെയ്യാൻ സഹായം ചോദിച്ചോ കത്തയക്കുന്നവരുമുണ്ട്. മാതാപിതാക്കൾ മരിച്ചുപോയ കുട്ടികളാണെന്നും കുടുംബ സ്വത്തായി കിട്ടിയ സ്വത്ത് ചിലർ തട്ടിയെടുക്കാൻ ശ്രമിക്കുന്നതുകൊണ്ട് ഇന്ത്യയിലേക്ക് കുടിയേറാൻ ആഗ്രഹിക്കുന്നു എന്ന് പറയാനും ഇടയുണ്ട്. ഏതു വിധത്തിലായാലും കാര്യം ഒന്നു തന്നെ: അവരുടെ കൈയിൽ വളരെ പണമുണ്ട്. അതിൽ നിന്നും ഒരു നിശ്ചിത ശതമാനം അവർ നിങ്ങൾക്ക് തരും.

പരിശുദ്ധ ദ്രവ്യാഗ്രഹം എന്ന മഹത്തായ ഗുണമുള്ളവരാണല്ലോ മിക്കവരും. അതുകൊണ്ട് ഈ വലയിൽ നിഷ്പ്രയാസം വീഴും. കത്തു കിട്ടിയാലുടൻ മറുപടി അയയ്ക്കും. അതിനുള്ള മറുപടിയും കിട്ടും. പണം നിങ്ങൾക്ക് തരാൻ അവർ തീരുമാനിച്ചിരിക്കുന്നു. അതിന് നിങ്ങളുടെ ബാങ്ക് അക്കൗണ്ട് നമ്പർ ഉൾപ്പെടെയുള്ള വിശദ വിവരങ്ങൾ അറിയിക്കണം. പണം പെട്ടിയിലാക്കി വീട്ടിൽ എത്തിച്ചു തരുമെന്ന് പറയുന്നവരും ഉണ്ടാകാം.

പേരും അഡ്രസ്സും മറ്റും അറിയിച്ചു കഴിഞ്ഞാൽ ഒരു സെക്യൂരിറ്റി കമ്പനിയിൽ നിന്നാകും മറുപടി ലഭിക്കുക. പണം കൈമാറാൻ തയ്യാർ. പക്ഷേ, സെക്യൂരിറ്റി കമ്പനിക്ക് അവരുടെ ഫീസ് അഡ്വാൻസായി കിട്ടണം. നാലോ അഞ്ചോ ലക്ഷം വരും ആ തുക. കിട്ടാനുള്ളത് 500 കോടി. കൊടുക്കേണ്ടത് 5 ലക്ഷം. മോശമല്ല. ഉടൻ തന്നെ 5 ലക്ഷം രൂപ ഉണ്ടാക്കും. സ്ഥലം വിറ്റോ കടം വാങ്ങിയോ പണം സ്വരൂപിക്കും. അവർ പറഞ്ഞ അക്കൗണ്ടിൽ പണം നിക്ഷേപിക്കയും ചെയ്യും. അതോടെ കാര്യം തീർന്നു. പിന്നീട് ഇവരേപ്പറ്റി കേൾക്കുകയേയില്ല.

കിട്ടുന്ന പണത്തിന്റെ ഒരു ഭാഗം ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കണമെന്ന് നിബന്ധന വെയ്ക്കുന്നവരുണ്ട്. കാര്യം കൂടുതൽ വിശ്വാസയോഗ്യമാക്കാനുള്ള ഒരു തന്ത്രമാണിത്. സെക്യൂരിറ്റി കമ്പനിക്ക് അഡ്വാൻസായി കൊടുക്കാൻ പണമില്ല എന്നു പറയുന്നവരെ വീഴ്ത്താനുള്ള ഒരു തന്ത്രവും ഈ നിബന്ധനയിലുണ്ട്. നിങ്ങൾ സഹായിക്കാൻ ഉദ്ദേശിക്കുന്നവരോട് ഒരു അപേക്ഷയും അപേക്ഷാഫീസായി ഒരു ചെറിയ തുകയും വാങ്ങാൻ അവർ നിർദ്ദേശിക്കും. സെക്യൂരിറ്റി കമ്പനിക്ക് കൊടുക്കാനുള്ള പണം ഈ വിധത്തിൽ ലഭിക്കും എന്ന് ഉപദേശിക്കും. ഇങ്ങനെ പണം പിരിക്കുന്നവർ കുഴയുമെന്ന് തീർച്ച. നിരവധി ആളുകൾ ഈ വിധത്തിൽ വിഡ്ഢികളായിട്ടുണ്ട്. എന്നിട്ടും പാഠം പഠിക്കുന്നില്ല. കഷ്ടമെന്നല്ലാതെ എന്തു പറയാൻ.

**നിങ്ങൾക്ക് വലിയൊരു സംഖ്യ ലോട്ടറി അടിച്ചു എന്ന് അറിയിച്ചുകൊണ്ട് ലഭിക്കുന്ന കത്ത്.**

ELECTRONIC MAIL AWARD PROMOTION. MICROSOFT MEGA JACKPOT LOTTERY UNITED KINGDOM.

Finnally today, we announce the winners of the MICROSOFT MEGA JACKPOT LOTTO WINNINGS PROGRAMS held on 3rd, January 2006. Your company or your personal e-mail address, won in the second lottery category 002.

You are therefore been approved for lump sums pay out of £5,500,000.00 FIVE MILLION, FIVE HUNDRED THOUSAND POUNDS. Equivalent to ($10,064,000 USD) Ten Million, sixty four thousand US Dollars. In cash Credited to file REF NO: M154S/WL04. and MICRO (LOTTERY) CHIP NO: 9465021, You are the second lucky winner of the total winners of 10. You all won £5.5, million Pounds each.

All the 10 participants were selected through our Microsoft computer ballot system (MCBS) drawn from each continent, as part of International “E-MAIL” Promotions Program,to promote the use of emails all over the World, and to promote the use of Microsoft Office. Your funds (certified Cashiers cheque) has been insured with your REF NO: M154S/WL04. To claim your winning prize (£5.5, million pounds), you must first, contact the claims department by email for Processing and remittance of your prize money to you. The claims processor is:

Name:John Brillard.
E-mail: agentjohnbrillard@msn.com
Claims Officer.

FAX: +44 8717341134
Tel: +44 7040119106
Tel: +44 7005804273



# നാഗാലാന്റ് സ്മരണകൾ

സ്ഥലം M.L.A യും മന്ത്രിയുമായ T.N. നുള്ളിയുടെ വകയായും കുറെ ഇറച്ചി കിട്ടി. അടുത്തുള്ള ഗ്രാമങ്ങളിൽ അദ്ദേഹം ആനകളെ വെടിവെച്ചു കൊടുത്തു. മന്ത്രിക്ക് ആനയെ വെടിവയ്ക്കാനധികാരമുണ്ടോ എന്നൊന്നും ചോദിക്കരുത്. ഇത് നാഗാലാന്റാണ്. ഇവിടെ മന്ത്രിമാരുടെ ഇഷ്ടമനുസരിച്ച് നിയമം വളയുകയും തിരിയുകയും മുട്ടുകുത്തുകയുമൊക്കെച്ചെയ്യും. ക്രിസ്തുമസ്സ് കാലത്ത് സമ്മതിദായകരെ വേണ്ടതുപോലെ സല്ക്കരിച്ചില്ലെങ്കിൽ അടുത്ത തെരഞ്ഞെടുപ്പിന്റെ ഫലമറിയുമ്പോൾ ദു:ഖിക്കേണ്ടിവരും. അതൊക്കെകൊണ്ടാണ് ആനയിറച്ചികൊണ്ടുപോലും സല്ക്കരിക്കാൻ തയ്യാറായത്.

രാത്രിയിൽ ആട്ടവും പാട്ടുമെല്ലാമുണ്ട്. കുറെ കോമാളിത്തരങ്ങളെന്നതിലുപരിയൊന്നുമില്ല. പക്ഷെ അവിടുള്ളവരെല്ലാം ശരിക്കും ആസ്വദിക്കും. വലിയവരും ചെറിയവരുമെന്ന വ്യത്യാസം കൂടാതെ എല്ലാവരും എല്ലാത്തിലും പങ്കെടുക്കും. ക്രിസ്തുമസ്സ് സൂര്യദേവന്റെ ജന്മദിനാഘോഷമാണെന്ന നിലപാടാണ് അന്നും ഇന്നും എനിക്കുള്ളത്. ഈ ആഘോഷത്തിന് ക്രിസ്തുവുമായി ബന്ധമൊന്നുമില്ല.

എല്ലാ ദിവസവും വൈകിട്ട് പള്ളിയിൽ പ്രോഗ്രാമുണ്ട്. പല മാസങ്ങൾക്കു മുമ്പുതന്നെ തയ്യാറാക്കിയ കാര്യപരിപാടിയനുസരിച്ചാണ് കാര്യങ്ങളെല്ലാം നടക്കുന്നത്. ഒരു ദിവസം ഞാനും പ്രസംഗിക്കുവാനിടയായി. എന്റെ പേര് പ്രോഗ്രാമിൽ ഉണ്ടായിരുന്നില്ല. മറ്റൊരാൾക്കു പകരമായി എന്നെ കണ്ടെത്തിയതാണ്. സംഭവം നടന്നത് ഇപ്രകാരമായിരുന്നു.

പഞ്ചായത്തു പ്രസിഡന്റായിരുന്നു അന്ന് പ്രസംഗിക്കേണ്ടിയിരുന്നത്. പക്ഷെ പ്രസിഡന്റ് പ്രസംഗിക്കുന്നതിനു മുമ്പുതന്നെ വിശുദ്ധ പ്രസിഡന്റിന്റെ വക ഒരു സന്തതിയെ ദേശത്തെ മാന്യവനിതകളിലൊരുവൾ പ്രസവിക്കുമെന്ന നിലയിലേയ്ക്കു കാര്യങ്ങൾ നീങ്ങി. നാഗാലാന്റിൽ ഇത്തരം വിഷയങ്ങൾ വലിയ വാർത്താപ്രാധാന്യമൊന്നും നേടാറില്ല. മാത്രമല്ല ഇതുപോലുള്ള സംഗതികളുണ്ടായാൽ അന്യനെ പഴിചാരി രക്ഷപ്പെടുകയെന്ന പ്രവർത്തിക്കും ആരും തയ്യാറാകയില്ല. ഇരുകൂട്ടരും ഉള്ള സത്യമങ്ങു തുറന്നു പറയും. (പലപ്പോഴും, പിതൃത്വം ആർക്കാണ് കൊടുക്കേണ്ടതെന്ന കാര്യത്തിൽ ഇത്തരം മാതാക്കൾക്ക് സംശയമുണ്ടാകാറുണ്ട്). എന്നാലും ഈ മാന്യപിതാവിനെ എങ്ങനെയാണ് പ്രസംഗിക്കാനനുവദിക്കുക. അതുകൊണ്ട് പ്രസിഡന്റിനെ മൂന്നുമാസത്തേയ്ക്ക് പള്ളിയിൽ നിന്നും പുറത്താക്കി. പകരം എന്നെ പ്രസംഗകനായി തെരഞ്ഞെടുത്തു. അന്ന് ഞാൻ ചെയ്ത പ്രസംഗം ഇഷ്ടപ്പെട്ടിട്ടോ എന്തോ എന്നെ പിന്നീട് പലപ്പോഴും പ്രസംഗിക്കാൻ വിളിക്കാനിടയായി.



RNI No. 68089 / 97
2006 February 16

THE DEFENDER

REGISTERED
KL/ALY/0031/2006-08

# തോമസ്കുട്ടി തട്ടിപ്പ് തുടരുന്നു

റാന്നിയിലെ തോമസ്കുട്ടി തട്ടിപ്പ് പൊടിപൂരമായി തുടരുന്നു. വചനഘോഷണമെന്ന പേരിൽ പത്രം നടത്തിയാണ് തോമസ്കുട്ടി ജനവഞ്ചന നടത്തുന്നത്. പത്രം നടത്തുന്നത് നിയമവിരുദ്ധമല്ല. പക്ഷേ പത്രത്തിലൂടെ ജനവഞ്ചന നടത്തുന്നത് നിയമവിരുദ്ധമാണ്.

മലയാളത്തിൽ ഒരു വാചകം തെറ്റുകൂടാതെ എഴുതാനുള്ള അറിവ് തോമസ്കുട്ടിക്കില്ല. പക്ഷേ തോമസ്കുട്ടിയുടെ പേരും ഫോട്ടോയും സഹിതം ലേഖനങ്ങൾ പത്രത്തിൽ വരും. ജെ.സി.ദേവെന്ന വിദ്വാൻ എഴുതി കൊടുക്കുന്നത് തോമസ്കുട്ടി സ്വന്തം പേരും ഫോട്ടോയും വെച്ച് പ്രസിദ്ധീകരിക്കയാണ് ചെയ്യുന്നത്.

പണമുണ്ടാക്കാനുള്ള ഒരു മാർഗ്ഗം എന്ന നിലയ്ക്കാണ് തോമസ്കുട്ടി പത്രപ്രവർത്തനം തുടങ്ങിയത്. വിവരമോ വചന പരിജ്ഞാനമോ ഇല്ലാത്തതുകൊണ്ട് തോമസ്കുട്ടിക്ക് പ്രസംഗകനായി ശോഭിക്കാൻ കഴിഞ്ഞില്ല. കൈയ്യിലിരുപ്പ് ശരിയല്ലാത്തതുകൊണ്ട് റാന്നിയിലോ പരിസരത്തോ ഉള്ള ഒരു സഭയും തോമസ്കുട്ടിക്ക് അംഗത്വം കൊടുത്തിട്ടുമില്ല. എന്നിട്ടും ചർച്ച് ഓഫ് ഗോഡിലെ അംഗമാണ് താൻ എന്ന് തോമസ്കുട്ടി പച്ചക്കള്ളം പറയാറുണ്ട്. ഹോസ്പിറ്റൽ മിനിസ്ട്രിക്ക് ഒരു ഡ്യൂപ്ലിക്കേറ്റ് ഉണ്ടാക്കി കുറേക്കാലം ജനവഞ്ചന നടത്തിയെങ്കിലും തട്ടിപ്പ് ജനം തിരിച്ചറിഞ്ഞതോടെ അതും അവസാനിപ്പിച്ചു. അങ്ങനെ ജീവിക്കാൻ ഒരു മാർഗ്ഗവും ഇല്ലാതെ വട്ടം കറങ്ങി നടന്ന കാലത്താണ് പത്രപ്രവർത്തനം തുടങ്ങിയത്.

പത്രത്തിൽ പടം അടിച്ചു കാണാൻ കൊതിയുള്ളവരാണ് തോമസ്കുട്ടിയുടെ വലയിൽ വീഴുന്നത്. ഫാദേഴ്സ് ഹൗസുകാരൻ ഇത്തരത്തിലുള്ള ഒരാളാണ്. പത്രം തുടങ്ങിയ കാലം മുതൽ ഇയാളുടെ തിരുമോന്തയില്ലാതെ പത്രം ഇറങ്ങിയിട്ടില്ല. പാലുതിളപ്പിക്കൽ ശുശ്രൂഷ എന്നൊരു മഹത്തായ ശുശ്രൂഷ ചെയ്തുകൊണ്ടാണ് ബോയ്ഡ് ജോർജ് തിരപ്പുറപ്പാട് നടത്തിയത്. ഗതികിട്ടാപ്രേതമായി അലഞ്ഞു നടക്കുന്ന ദേവാണ് മറ്റൊരു എഴുത്തുകാരൻ.

വിദേശപ്പണമുള്ളവരെയാണ് തോമസ്കുട്ടി സാധാരണയായി വലയിൽ വീഴ്ത്തുന്നത്. ലേഖനം പ്രസിദ്ധീകരിക്കാം, അഭിമുഖം നടത്താം എന്നൊക്കെ പറഞ്ഞ് തോമസ്കുട്ടി വലവീശും. വലയിൽ കുരുങ്ങുന്നവന്റെ ഫോട്ടോ സഹിതം ലേഖനമോ അഭിമുഖമോ ജീവചരിത്രമോ പത്രത്തിൽ ഇടും. ഈ വകയിൽ തോമസ്കുട്ടി നല്ലൊരുതുക വസൂലാക്കുകയും ചെയ്യും. ഇതാണ് സ്ഥിരം പരിപാടി.



Printed, Published and Owned by Anish Balan, Anand Bhavan, Perumbavoor P.O., Printed at: Perumbavoor Printers. Published at Anand Bhavan Perumbavoor. Editor: Anish Balan